
മകനേ
ഭാരത രക്ഷ സാധിക്കുവാൻ
എന്നെ നീ സഹായിക്കുക

# കതിരുകൾ




www.malankaralibrary.com

*Kurian Kizhakkakara.*

# കതിരുകൾ

No. 6. Bethany Asram, Poona 1966

തിരുവനന്തപുരം മെത്രാപ്പോലീത്താ

അഭിവന്ദ്യ ബനഡിക്ട്

## മാർ ഗ്രിഗോറിയോസ് തിരുമേനിയുടെ

സന്യാസ വ്രതാനുഷ്ഠാനത്തിന്റെ

# രജതജൂബിലി

## വിശേഷാൽപ്രതി

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com

# താളുകൾ മറിക്കുമ്പോൾ


*Bethany;* A Short History
ദിവ്യാഹ്വാനം
ബഥനിയിലേക്കുള്ള എന്റെ ദൈവവിളി
ക്രിസ്തുവിന്റെ ക്ഷണം
സന്യാസജീവിതം
ബഥനി — ഒരു വൈദ്യുതകേന്ദ്രം
ഞങ്ങൾ
ക്രിസ്തുവിന്റെ പുരോഹിതൻ
ഭൂമിയിലെ മാലാഖാ
മിഷൻ വാർത്തകൾ
റോമിൽനിന്നു് ഒരു കത്തു്
ബഥനി വാർത്തകൾ
ചിന്തയുടെ ചിറകുകൾ
ദൈവവിളിക്കായുള്ള പ്രാർത്ഥന


www.malankaralibrary.com

ജൂബിലേറിയൻ

അഭിവന്ദ്യ ബനഡിക്ട്

**മാർ ഗ്രിഗോറിയോസ് തിരുമേനി**

ബഥനിയിൽ

കാവിവസ്ത്രം ധരിച്ച്

സുവിശേഷപുണ്യങ്ങളനുഷ്ഠിക്കുവാൻ

ഇരുപത്തഞ്ചുകൊല്ലങ്ങൾക്കു മുമ്പ്

**സന്യാസവ്രതവാഗ്ദാനം ചെയ്തു.**

ആ സുമോഹനദിനത്തിന്റെ സ്മരണയിൽ

**കതിരുകളുടെ നമോവാകം.**

www.malankaralibrary.com



THE JUBILARIAN

www.malankaralibrary.com

# BETHANY

## (A short history)

Some fifty years ago on the slope of a mountain in an undulating forest a non-Catholic priest drew towards him a few young men of noble ideals. Away from the hustle and bustle of the world they began to lead a life of intense prayer and penance in the solitude and silence of the forest. A few wattled sheds gave them shelter and the small patches of vegetation around their abode afforded them food. Though the forest was rich in wild game they would not touch meat. Early in the morning they would get up to chant the divine hymns. Long hours of meditation were interspersed with manual labour. Trees had to be felled and rolled, creepers burned and uprooted and the clearing tilted. At night for fear of marauding elephants and other wild beasts they would take to tops of trees. In a short span of time as the community grew in number banana plants and orange trees began to dot the mountain slope.

Meanwhile another cultivation was gathering momentum. It was the more important cultivation of the mind. The father of the community, Archbishop Mar Ivanios, who was then only a priest, was a man of deep spirituality. He was well-read in the Fathers of the Church, the pioneers of monastic life and the lives of the saints. Indian asceticism also had been



www.malankaralibrary.com

always appealing to him. After a period of mental struggle it finally dawned upon him that a harmonious blending of Christian and Hindu asceticisms would prove the best monastic ideal for India. He left no stones unturned in moulding his community according to the ideals he had set up. He would constantly remind his spiritual sons of their religious calling: "We are here to offer ourselves as holocausts, that is to say, totally burned and consumed victims of sacrifice. Not even an atom of our self should remain unburned in this total immolation of ourselves. This self-abnegation becomes sweet when it is done for the love of our Saviour, Jesus. We can then repeat with St. Paul: "Now it is not I, but Christ lives in me."

The example as well as the exhortation of the beloved Founder was a source of inspiration to his community. In that remote forest where there were no amenities of modern civilization the monks lived a most happy life. As charity reigned supreme in their midst they felt nothing was wanting. A member of the community once fell ill. To feed him a cow was bought. After feeding him they found that there was some extra milk every day. Now a problem cropped up. Who will drink the extra milk? As no one wanted it, finally the milk was given to a wandering boy who had sought shelter at Bethany.

Bethany could not remain hidden for long. Soon it proved to be a light set up on a mountain. Non-Christians as well as Christians were fascinated by the



www.malankaralibrary.com

ideal and life of the Bethany Monks. The forest area before long turned into a place of pilgrimage. Some pious people would spend two or three days at the foot of the mountain enjoying the Presence of God in this hallowed spot. " Just seeing a member of the monastery was something like seeing an angel coming from heaven " said an admirer of Bethany recently. This admirer is none other than the present Archbishop of Trivandrum. His Grace's words aptly convey the impression people had in general about Bethany.

The simplicity of the monks' life was charming. Like the Apostles they had few belongings. In their saffron robes the monks would go out sometimes into the villages and preach the gospel of the Lord. Many of their ascetical practices and regulations reminded one of the 'Sannyasies' of Hinduism. The Hindus who had looked upon Christianity as a foreign religion now began to show marked difference in their outlook. Some of them supported the mission of Bethany while others became spiritual disciples of Bethany.

According to the Founder of the Congregation there were many noble and sublime elements in Hinduism which were to be assimilated by his followers. Catholicism with its rich life also captivated his attention. Often in his instructions to the community the Founder would dwellat large on the beauty of the Catholic spirit of discipline and the loftiness of some Hindu conceptions of human life.

In 1930 the Bethany Foundations saw clearly before them the path they were to follow. The Church to


www.malankaralibrary.com

which they belonged pointed to the Universal Church. The Catholic Church alone was fully equipped for the mission of Christ. In that Church only could Bethany bear fruit. Both the Congregations (for men and women) followed the Founder, Archbishop Mar Ivanios, to the Holy, Catholic Church.

Thus was ushered in the Re-union movement of Kerala (Malabar). This tiny trickle by the infinite mercy of God soon developed into a spring and eventually into a mighty stream. In 36 years 1,30,000 persons have followed in the footsteps of the Bethany Fathers and Sisters to the Holy Catholic Church. For this phenomenal progress of the Re-union movement we are profoundly grateful to the various benefactors who have extended to us their unstinted encouragement. But for their generous contributions we could not have built so many churches and mission sheds for the ever increasing number of converts. It is most consoling for us to know that one of the most fertile places for Re-union and conversion in the world to-day is the mission field of the Re-union movement of Kerala. The Bethany Congregation can justly be proud of its contribution to the progress of the Re-union movement.

But there is no reason for self-complacency. Those who have returned to the unity of the Church form only a small fraction of the 1,500,000 separated brethren in Kerala. Besides there are the teeming millions of our Hindu and Muslim brethren waiting for the message of


www.malankaralibrary.com

the Master. Bethany in her humble way is trying to equip herself to meet this present demand. All her Schloastics are attending the Papal seminary in Poona conducted by eminent professors of the Society of Jesus. Some of the Bethany Fathers are also specialising in different fields of learning as well as activity. Thanks to the mercy of our Lord, vocations to the Congregation are on the increase. Attached to everyone of the Bethany Houses, are a number of mission stations. Almost all the Fathers of Bethany are missionaries entrusted with several mission stations. The good Shepherd has been extremely kind to them. They have been blessed with many coversions and reunions. To everyone of its benefactors and well—wishers Bethany extends heartfelt gratitude and promises a share in the fruit of its apostolate.



www.malankaralibrary.com

# ദിവ്യാഹ്വാനം

(ഓരോ പൂവും വിടിരുമ്പോഴും....എന്ന രീതി)

ദിവ്യരൂപം കണ്ടുഞാൻ–എന്നെ മാടിവിളിക്കുന്നു:
"വരികയെല്ലാം വിട്ടിട്ട്–വയലിൽ വേലയെടുപ്പാനായ്
കൊയ്ത്തിന്നു നെന്മണി പാകമായ്–ലോകം–
കൊയ്യാൻ കാലമായ്,
വരികസോദരാ, സുവിശേഷ–സ്നേഹത്തിന്നരിവാളുമായ്.
ഈ ലോകത്തിൻമക്കൾ, ഹാ!–ധീമാന്മാരീ ജന്മത്തിൽ,
പരലോകത്തിൻ മക്കളെഹോ!–അലസതപൂണ്ടു മയങ്ങുന്നു".

അഖിലാണ്ഡം, ഭാഗ്യം, സർവ്വം,–
കരഗതമായാലെന്തുഫലം,
ആത്മാവിൻനാശം നിത്യം–പകരം നൽകാൻ വേറില്ല.

ഉണരുക, സോദരാ! അണയാറായ്–ദീപം–
ഭുവിൽ, ആവുംപോൽ,
വിധിയിൻനാളു വരുംമുമ്പെ–രക്ഷാദീപം കാട്ടുകനീ.
പോരുകയാത്മധൈര്യത്തോ–ടെല്ലാമെല്ലാം വിട്ടിട്ട്.
സംസ്കാരം ചെയ്തീടട്ടെ–മൃതരെ, മൃതരായോർതന്നെ.
വരുമോ? നീയെൻ പിന്നാലെ–കുരിശ്ശിൻ–
മാർഗ്ഗമുരയ്ക്കാനായ്,
വരുമോ? നരകുലരക്ഷയ്ക്കായ് എന്നോടൊന്നായ്–
ബലിയാകാൻ.

---



www.malankaralibrary.com

# ബഥനിയിലേയ്ക്കുള്ള എന്റെ ദൈവവിളി

[തിരുവനന്തപുരം ആർച്ച് ബിഷപ്പ് മാർ ഗ്രീഗോറി യോസ് തിരുമേനി തന്റെ സന്യാസ നിത്യവ്രത വാഗ്ദാനത്തിന്റെ രജതജൂബിലിയാഘോഷ വേള യിൽ നാലാംചിറ ഗൊരേററി ഹൈസ്കൂൾ ഹോളിൽ വച്ച ചെയ്ത പ്രസംഗത്തിന്റെ ചുരുക്കം.]

എല്ലാവരും എന്നെപ്പററി പറഞ്ഞ എല്ലാ നല്ല കാര്യങ്ങൾക്കും ഞാൻ നന്ദിപറയുന്നു. ഞാൻ സന്യാസ ജീവിതത്തിൽ പ്രവേശിച്ച് വ്രതവാഗ്ദാനം ചെയ്തിട്ട് ഇപ്പോൾ 25 വർഷങ്ങളായി. എന്റെ വത്സല മാതാവായ ഈ ബഥനി സന്യാസസമൂഹം ഈ അവസര ത്തിൽ ഇങ്ങനെയൊരു ജൂബിലി ആഘോഷിക്കുന്നത് വളരെ സന്ദർഭോചിതമായിട്ടുണ്ട്. എന്റെ ഇത്രയും നാളത്തെ സന്യാസ ജീവിതത്തിൽനിന്ന് എനിക്കു പ്രത്യേകമായി പറയുവാനുള്ളത് ദൈവം ഏററം ചെറിയ കാര്യങ്ങളിൽപ്പോലും അങ്ങേയററം വിശ്വ സ്തനാണെന്നുള്ളതത്രേ. ഈ കാലയളവിൽ ദൈവം എനിക്കു ചെയ്തു തന്നിട്ടുള്ള നിരവധിയായ അനുഗ്രഹങ്ങൾക്കെല്ലാം നമുക്കൊരുമിച്ച് ദൈവത്തെ സ്തുതിക്കാം.

ഈ ഫെബ്റുവരി 1–ാംതീയതി എനിക്ക് 50 വയസ്സ് തികഞ്ഞു. ഞാനിപ്പോൾ വയസ്സന്മാരുടെ ഗണത്തിൽ ഉൾപ്പെട്ടിരി ക്കുകയാണ്. വയസ്സന്മാരുടെ ഒരു ലക്ഷണമാണല്ലോ പഴയ കാര്യ ങ്ങൾ ഓർക്കുകയെന്നത്. ബഥനിയിലേയ്ക്കുള്ള എന്റെ ദൈവവി ളിയെക്കുറിച്ച് ഞാൻ ചിന്തിച്ചുകൊണ്ടിരിക്കുകയായിരുന്നു. വളരെ ചെറുപ്പമായിരുന്നപ്പോൾതന്നെ ഒരാഗ്രഹം എന്നിലങ്കുരിച്ചിരുന്നു, ദൈവവേലയ്ക്കായി പോകണമെന്ന്. എന്റെ വീടിനടുത്ത് ഒരു ബഥനിപ്പള്ളിയുണ്ട്. ആ പള്ളിയിൽ എന്റെ ചില സ്നേഹിതരു



www.malankaralibrary.com

മൊത്തു് ഞാൻ ശുശ്രൂഷയ്ക്കു കൂടുക പതിവായിരുന്നു. അന്നു് യാക്കോബായ പള്ളികളിൽ ശുശ്രൂഷയ്ക്കു കൂടുന്നതു് ഏതോ ഒരു കുറവായിട്ടാണു് ചെറുപ്പക്കാർ ധരിച്ചിരുന്നതു്. പക്ഷേ എനിക്കു് ശുശ്രൂഷയ്ക്കു കൂടുന്നതു് താല്പര്യമായിരുന്നു. എന്നോടുകൂടി അന്നു് ശുശ്രൂഷയ്ക്കു കൂടിയിരുന്ന ചിലർ ഇവിടെയുണ്ടു്.

പെരുനാട്ടിൽനിന്നു് ബഥനിയിലെ ബ. അച്ചന്മാർ ഞങ്ങളുടെ പള്ളിയിൽ പ്രധാന ശുശ്രൂഷകരം നടത്തുവാൻ ചിലപ്പോഴെല്ലാം വന്നിരുന്നു. ആ ബ. അച്ചന്മാരെ കാണുന്നതു് സ്വർഗ്ഗത്തിൽനിന്നു വന്ന മാലാഖമാരെ കാണുന്നതുപോലെയുള്ള ഒരനുഭവമാണു് എന്നിൽ ഉളവാക്കിയിരുന്നതു്. അവരിൽ ചിലർ ഈ ഹോളിൽ സന്നിഹിതരാണെന്നുള്ളതു് ഓർപ്പിക്കുവാൻ എനിക്കു വലിയ സന്തോഷമുണ്ടു്. അങ്ങനെ ചെറുപ്പംമുതൽതന്നെ ഞാൻ ബഥനി അച്ചന്മാരോടു് അടുത്തു പെരുമാറുകയും, അവരെ മതിക്കുകയും സ്നേഹിക്കുകയും ചെയ്തിരുന്നു.

ബഥനിക്കാർ പെരുനാടുവിട്ടു് വെണ്ണിക്കുളത്തു താമസമാക്കിയപ്പോഠം ഞാൻ ഇരവിപേരൂർ ഹൈസ്കൂളിൽ പഠിച്ചുകൊണ്ടിരിക്കുകയായിരുന്നു. നിവൃത്തിയുള്ള എല്ലാ വെള്ളിയാഴ്ച വൈകിട്ടും സ്കൂളിൽനിന്നു് വെണ്ണിക്കുളം ആശ്രമത്തിൽ ഞാൻ പോകുക പതിവാണു്. ശനിയും, ഞായറും അവിടെ താമസിക്കും. ആശ്രമത്തിലെ സമൂഹ പ്രാർത്ഥനകളിലെല്ലാം ഞാൻ പങ്കുകൊണ്ടിരുന്നു. പക്ഷേ രാത്രി പ്രാർത്ഥനയുടെ സമയത്തു് ബ. അച്ചന്മാർ എന്നോടു പറയും, കുഞ്ഞുപോയി കിടന്നുറങ്ങിക്കൊള്ളുകയെന്നു്. അതെനിക്കു് സങ്കടകരമായിരുന്നു.

ഒരിക്കൽ ആ ആശ്രമത്തിൽ ഒരു വാർഷിക ധ്യാനം (Retreat) നടന്നു. അതിൽ ഞാനും പങ്കുകൊണ്ടു. ഒരു ദിവസം ധ്യാനപ്രസംഗം കേട്ടുകൊണ്ടു് പള്ളിയുടെ പടിഞ്ഞാറേ മൂലയിൽ ഞാൻ ഇരിക്കുകയായിരുന്നു. പ്രസംഗം കഴിഞ്ഞു് മാർ ഈവാനിയോസ് തിരുമേനി ഞാനിരുന്ന മൂലയിലേയ്ക്കു വന്നു് ഒരു കസേരയിട്ടിരുന്നു് എന്നോടു പറയുകയാണു്: ''കുഞ്ഞു് ആശ്രമത്തിൽ ചേരുവാൻ ആഗ്രഹിക്കുന്നു എന്നു് എന്നോടു പറഞ്ഞിരുന്നല്ലോ. അങ്ങനെയെങ്കിൽ ഇപ്പോഠം ചേരുക, അല്ലെങ്കിൽ പിന്നെ ചേർക്കുകയില്ല''


www.malankaralibrary.com

എന്നു്. ഞാൻ ബഥനി ആശ്രമത്തിൽ ചേരുവാൻ നിശ്ചയിച്ചിരുന്നെങ്കിലും എപ്പോൾ ചേരണമെന്നു് തീരുമാനിച്ചിട്ടില്ലായിരുന്നതുകൊണ്ടു് വല്ലാതെ കുഴങ്ങി. സമ്മതം കൊടുക്കുന്നതു താമസിച്ചാൽ ആശ്രമത്തിൽ ചേരുന്ന കാര്യം അസാദ്ധ്യമായേക്കുമോ എന്ന ചിന്തയാൽ അപ്പോൾതന്നെ ഞാൻ സമ്മതംകൊടുത്തു.

വെണ്ണിക്കുളത്തുനിന്നു് ബഥനിക്കാർ പുനരൈക്യത്തിനുശേഷം തിരുവനന്തപുരത്തു വന്നു താമസമാക്കിയപ്പോൾ ഞാനവിടെ ഒരംഗമായി ചേർന്നു. പക്ഷേ കുറച്ചുകഴിഞ്ഞപ്പോൾ എനിക്കു് ബഥനിയെപ്പററി മുമ്പുണ്ടായിരുന്ന പ്രതീക്ഷകളെല്ലാം മങ്ങിയ ഒരനുഭവമാണുണ്ടായതു്. കാരണം, പുനരൈക്യ പ്രസ്ഥാനത്തിന്റെ ആരംഭഘട്ടത്തിൽ മിഷൻ പ്രവർത്തനങ്ങളുടെ അത്യാവശ്യമനുസരിച്ചു് ആശ്രമത്തിലെ ബ. അച്ചന്മാരെ മാർ ഈവാനിയോസ് പിതാവു് ഓരോ സ്ഥലങ്ങളിൽ മിഷൻവേലയ്ക്കയച്ചു. തൽഫലമായി ആശ്രമത്തിലെ സമൂഹ ജീവിതവും, സമൂഹ പ്രാർത്ഥനകളും നഷ്ടപ്പെട്ടു. മനോഹരമായ ഒരു റോസാപുഷ്പത്തിന്റെ ഇതളുകൾ ഓരോന്നായി പറിച്ചു് വിതറിക്കളഞ്ഞാൽ ആ പുഷ്പത്തിന്റെ മനോഹരതയും, സൌരഭ്യവും നഷ്ടപ്പെട്ടുപോകുമല്ലോ.

പലപ്പോഴും ആശ്രമത്തിൽ കേവലം ഒന്നോ രണ്ടോ, പേർ മാത്രമുള്ള അവസരങ്ങളുമുണ്ടായിരുന്നു. അപ്പോഴൊക്കെ പ്രതീക്ഷിച്ചതു പോലെയുള്ള സൗഭാഗ്യം എനിക്കു ലഭിക്കുന്നില്ലല്ലോ എന്നു ഞാൻ ചിന്തിച്ചുപോയിട്ടുണ്ടു്. എങ്കിലും അതെല്ലാം ദൈവത്തിന്റെ പ്രത്യേക പരിപാലനയായിരുന്നു എന്നു് പിന്നീടു ഞാൻ മനസ്സിലാക്കി. ഇതുപോലെ തന്നെയാണു് നമ്മുടെ ജീവിതത്തിലെ എല്ലാ അനുഭവങ്ങളും. വിദഗ്ദ്ധനായ ഒരു നെയ്ത്തുകാരൻ വിവിധ തരത്തിലുള്ള നൂലുകൊണ്ടു് മനോഹര ചിത്രങ്ങളുള്ള ക്യാൻവാസ് നെയ്തെടുക്കുകയാണു്. ഓരോ സ്ഥലത്തും ഏതേതു തരത്തിലുള്ള ഇഴകളാണു വേണ്ടതെന്നു് നെയ്ത്തുകാരനറിയാം. അതിന്റെ പുറവശം മാത്രമാണു് നാം കാണുന്നതു്. നെയ്ത്തശേഷം ശരിയായി അതിന്റെ നല്ലവശം കാണുമ്പോൾ മാത്രമേ അതിന്റെ ഭംഗി നാം ഗ്രഹിക്കുകയും, ആസ്വദിക്കുകയും ചെയ്കയുള്ളൂ. അതു പോലെ ദൈവം നമ്മെ വിവിധ രീതിയിൽ നെയ്തെടുക്കുകയാണു്. പരലോകത്തിൽ വച്ചു മാത്രമേ അതിന്റെ നല്ലവശം ശരിയായി കാണുവാനും ഗ്രഹിക്കു


www.malankaralibrary.com

വാനും നമുക്കു സാദ്ധ്യമാകു. ഓരോ ചെറിയ കാര്യവും തന്റെ അനന്തനന്മയിൽ ക്രമമായി നെയ്തെടുക്കുന്നു. ഓരോരുത്തർക്കും അവരവരുടെ ജീവിതത്തിനനുസരണമായ പ്രതിഫലം അവിടുന്നു നൽകും. എന്റെ സന്യാസ ജീവിതത്തിലെ ഇന്നോളമുള്ള അനുഭവങ്ങളിൽ എത്രമാത്രം ദൈവപരിപാലനയുണ്ടായിരുന്നുവെന്ന് എനിക്കു പറഞ്ഞറിയിക്കുവാൻ പ്രയാസമാണ്.

ബഥനിയിലെ അംഗങ്ങൾ അന്ന് പല സ്ഥലങ്ങളിലേക്ക് മിഷൻപ്രവർത്തനങ്ങൾക്കായി ചിന്നിച്ചിതറി പോകേണ്ടി വന്നെങ്കിലും ബഥനിയുടെ അരൂപിയും, ആദ്ധ്യാത്മിക ചൈതന്യവും അവരുടെ ഉള്ളിൽ ഗാഢമായി പതിഞ്ഞിരുന്നതിനാൽ സന്യാസ ജീവിതത്തിന്റെ പൂർണ്ണഭാഗ്യം അനുഭവിക്കുവാൻ അവർ നോക്കി പാർത്തിരിക്കയായിരുന്നു. ഇന്ന് അതിനുള്ള ഭാഗ്യം അവർക്ക് ലഭിച്ചിട്ടുണ്ട്. ബഥനിയാകുന്ന ആ ചെടി തളിർത്ത് പുഷ്പിച്ചു നില്ക്കുകയാണ് ഇന്ന്. ഇപ്പോൾ ബഥനി ഒരു വഴിത്തിരിവിലാണ്. പഠിപ്പുള്ളവരും, ഉപരിപഠനത്തിലിരിക്കുന്നവരും അതിലുണ്ട്. പുതിയ കാൽവയ്പുകൾക്കുള്ള അവസരമാണിത്.

പ്രിയരേ!

സന്യാസജീവിതം ഒററപ്പെട്ട ഒന്നല്ല. അതിനെ വേർപ്പെടുത്താവുന്നതല്ല ക്രിസ്തീയ ജീവിതത്തിൽനിന്ന്. ക്രിസ്തീയ ജീവിതത്തിന്റെ ഒഴുക്കിൽപ്പെട്ടതാണത്. അത് ക്രിസ്തീയ ജീവിതത്തിന്റെ ചൈതന്യമാണ്. പക്ഷേ സന്യാസജീവിതം മഹനീയമാകണമെങ്കിൽ ക്രിസ്തീയജീവിതം മഹനീയമാക്കണം. നല്ല ക്രിസ്തീയ കുടുംബങ്ങളിൽ നിന്നാണ് സന്യാസജീവിതത്തിലേക്കുള്ള ദൈവവിളിയുടെ മുളയെടുക്കുന്നത്. അങ്ങനെയുള്ള നല്ല കുടുംബങ്ങൾ നമ്മുടെ നാട്ടിൽ ധാരാളമുണ്ടാകട്ടെ!

നമ്മുടെ മാതൃഭൂമി പുരാതന കാലം മുതൽ തന്നെ സന്യാസ ജീവിതത്തിന് വളരെ പ്രാധാന്യം നൽകിയിട്ടുണ്ട്. ആർഷഭാരതമെന്നു പറഞ്ഞാൽ ഋഷികളുടെ നാടെന്നാണ്. അതിനാൽ ഇവിടെ സന്യാസജീവിതം വളർന്നു വരുവാൻ എല്ലാ സാഹചര്യങ്ങളും, പാരമ്പര്യവുമുണ്ട്. ഇതെല്ലാം നന്നായി മനസ്സിലാക്കിക്കൊണ്ടാണ് മാർ ഈവാനിയോസ് തിരുമേനി—പ്രശസ്തനും, വിദൂരവീക്ഷണനു


www.malankaralibrary.com

മായ അദ്ദേഹം—നമ്മുടെ രാജ്യത്തിനും, അതിൻെറ സംസ്ക്കാരത്തിനും ചേൎന്നവിധത്തിലുള്ള ഒരു സന്യാസ സമൂഹം സ്ഥാപിച്ചതു്. തിരുമേനിയുടെ ആദർശങ്ങളും, തപശ്ചര്യകളും അനുസരിച്ചുപോരുന്ന ചില ഹൈന്ദവരും ഇന്നുമുണ്ടു്. അവക്കൊക്കെയും സ്വീകാര്യമായ രീതികളാണു് അദ്ദേഹം ആവിഷ്ക്കരിച്ചതു്. ആകയാൽ എൻെറ സന്യാസ സഹോദരരോടു് എനിക്കഭ്യർത്ഥിക്കുവാനുള്ളതു് നമ്മുടെ ആശ്രമ സ്ഥാപകൻെറ ആദർശത്തിനും, അരൂപിക്കും ചേൎന്ന വിധത്തിലുള്ള ഒരു മാതൃകാ സന്യാസ സമൂഹമായി ആഷ്ഭാരത്തിൽ നാം നിലകൊള്ളണമെന്നുള്ളതാണു്. വലിയ സ്ഥാപനങ്ങളിലോ, കെട്ടിടങ്ങളിലോ ഒന്നുമല്ല നമ്മുടെ അഭിവൃദ്ധി സ്ഥിതി ചെയ്യുന്നതു്. ശരിയായ ആദർശത്തിലും, അരൂപിയിലുമുള്ള സന്യാസ ജീവിതത്തിലാണു്. കൂടുതലായ ദാരിദ്ര്യാരൂപി പാലിക്കുവാൻ ആശ്രമാംഗങ്ങളെല്ലാം ശ്രദ്ധിക്കണം. കാലോചിതമായ പരിവത്തനങ്ങൾക്കു് വിധേയരാകാമെങ്കിലും ശരിയായ അരൂപി നഷ്ടപ്പെടുത്താതെ നാം സൂക്ഷിക്കേണ്ടതാണു്.

പാശ്ചാത്യ രാജ്യങ്ങളെ സാംസ്ക്കാരികമായി ഉയർത്തുന്നതിൽ ഏററം വലിയ പങ്കു് വഹിച്ചിട്ടുള്ളതു് സന്യാസ സഭകളാണു്. ജ്ഞാന സമ്പാദനത്തിൽ സന്യാസികൾ മുന്നിട്ടു നിന്നിരുന്നു. യൂറോപ്പിലും, അമേരിക്കയിലുമുള്ള ആശ്രമങ്ങളിലെ വമ്പിച്ച ലൈബ്രറികൾ അതിനുത്തമ ഉദാഹരണങ്ങളാണു്. ഇതു പോലെ നമ്മുടെ ആശ്രമങ്ങളും, മഠങ്ങളുമെല്ലാം ജ്ഞാന സമ്പാദനത്തിൽ മുന്നിട്ടു നില്ക്കണം. അവരുടെ ജ്ഞാനം പകരണം മററുള്ളവരിലേക്കും.

ബഥനി സമൂഹത്തിനു് ദൈവമഹത്വത്തിനായി വളരെ വൻ കാര്യങ്ങൾ ചെയ്യുവാനുണ്ടു്. അതിനു് നാം തയ്യാറാകണം. കഴിഞ്ഞ രണ്ടാം വത്തിക്കാൻ സൂന്നഹദോസിൻെറ ലക്ഷ്യങ്ങളിലൊന്നായ ക്രിസ്തീയ ഐക്യത്തിനു വേണ്ടിയുള്ള സ്നേഹത്തിൻെറ ഒരു മുന്നേററമായിരിക്കണം നമ്മുടേതു്. ദൈവത്തിൻെറ സ്നേഹ പരിപാലന എന്നും നമ്മെ താങ്ങാതിരിക്കയില്ല. ബഥനിയുടെ ഉൽക്കഷത്തിനു് എന്നാലാവുന്ന സഹായങ്ങളെല്ലാം ഞാൻ വാഗ്ദാനം ചെയ്യുന്നു.

എന്നോടുകൂടെ സന്തോഷിക്കുവാനും, ദൈവത്തെ സ്തുതിക്കുവാനും ഇവിടെ ആഗതരായിരിക്കുന്ന നിങ്ങളേവർക്കും ഒരിക്കൽകൂടി നന്ദി. ദൈവം നിങ്ങളെല്ലാവരേയും അനുഗ്രഹിക്കട്ടെ!



www.malankaralibrary.com

# ക്രിസ്തുവിൻെറ ക്ഷണം


ലോകത്തിലേക്കു് ഒന്നു കണ്ണോടിക്കുക. ആദ്ധ്യാത്മികാന്ധകാരത്തിൽ തപ്പിത്തടയുന്ന ജനകോടികളെ അവിടെ നമുക്കു ദർശിക്കാം. ദൈവിക വെളിച്ചത്തിലേക്കു നയിക്കുന്ന പ്രകാശരശ്മികൾക്കായി അവർ ഉഴലുകയാണു്. ഇങ്ങനെയുള്ള ആത്മാക്കൾക്കുവേണ്ടിയാണു് ക്രിസ്തുനാഥൻ കുരിശിൽ കിടന്നു നിലവിളിക്കുന്നതു്. തൻെറ സ്നേഹസന്ദേശം ശ്രവിക്കാത്തതായ ഒരു നല്ല വിഭാഗം ആളുകളെ അവിടുന്നു് മുൻകൂട്ടി കാണുന്നു. വേദനാജനകമായ ഈ കാഴ്ചയാണു് ''എനിക്കു ദാഹിക്കുന്നു'' എന്നു് ഉൽഘോഷിക്കുവാൻ അവിടുത്തെ പ്രേരിപ്പിച്ചതു്. അവിടുത്തെ സാന്ത്വനപ്പെടുത്തുവാനും തൻെറ ദാഹം ശമിപ്പിക്കുവാനുമായി ചുരുക്കം ചിലരേ മുന്നോട്ടു വന്നുള്ളു. തൻെറ വത്സല ശിഷ്യരും ഏതാനും ഭക്ത സ്ത്രീകളും. തങ്ങൾക്കു കിട്ടിയ സുവിശേഷദീപം അവർ പ്രസംഗിച്ചു കൊളുത്തി. അനേകായിരങ്ങൾ സത്യസഭയിലേക്കു് അങ്ങനെ ആനീതരായി. ചുററുപാടും സുവിശേഷം പ്രസംഗിച്ചതുകൊണ്ടു തൃപ്തിപ്പെടാതെ ശ്ലീഹന്മാർ ലോകത്തിൻെറ നാനാഭാഗങ്ങളിലേക്കും യാത്രയായി. പത്രോസ് പൗലോസു് ശ്ലീഹന്മാർ റോമായിലേക്കും തോമ്മാശ്ലീഹാ ഭാരതത്തിലേക്കും — കേരളത്തിലേക്കും — പുറപ്പെട്ടു. പത്രോസ് പൗലോസ് ശ്ലീഹന്മാർ നട്ട ആ സഭാതരു തഴച്ചുവളർന്നു് ഇററലിയെ മാത്രമല്ല യൂറോപ്പിനെ മുഴുവനും അതിവേഗത്തിൽ അതിൻെറ ശീതളച്ഛായയിലാക്കി. അവരുടെ പിൻഗാമികൾ ഇന്നു ലോകത്തിൻെറ നാനാഭാഗങ്ങളിലും ക്രിസ്തുവിൻെറ സുവിശേഷം പ്രചരിപ്പിക്കുകയാണു്.

റോം യൂറോപ്പിനെ എന്നതു പോലെ കേരളം ഭാരതത്തേയും പണ്ടു പണ്ടേ ക്രിസ്തുനാഥൻേറതാക്കേണ്ടതായിരുന്നു. പക്ഷെ, രണ്ടു ശതമാനം പോലും കത്തോലിക്കരില്ല ഇന്നു ഭാരതത്തിൽ. നമുക്കു കത്തോലിക്കാസഭയോളം തന്നെ പഴക്കവും പാരമ്പര്യവും ഉണ്ടുതാനും. മാർത്തോമ്മാ ക്രിസ്ത്യാനികളെന്നഭിമാനിക്കുന്ന നമുക്കു ഈ സ്ഥിതിയിൽ അലസരായിരിക്കുക സാദ്ധ്യമല്ല. തൻെറ ചുററും തടിച്ചുകൂടിയ



www.malankaralibrary.com

പുരുഷാരത്തെ നോക്കി ''വിളവധികം, കൊയ്ത്തുകാർ ചുരുക്കം'' എന്നു വിലപിച്ച ക്രിസ്തുനാഥൻ വിശാലമായ ഭാരതത്തെ ചൂണ്ടിക്കാണിച്ചു കൊണ്ടു് നമ്മേയും ആഹ്വാനം ചെയ്യുകയാണു് തൻെറ വയലിലേക്കു നീങ്ങുവാൻ. ''മകനേ, ഭാരത മാനസാന്തരം സാധിക്കുവാൻ



Young hearts full of zeal present themselves at the door of Bethany: "Behold, we have left all things and have followed Thee: What therefore shall we have?"



www.malankaralibrary.com

നീ എന്നെ സഹായിക്കുകയില്ലേ?'' ''കതിരുകൾ'' വായിക്കുന്ന കുഞ്ഞനുജന്മാരോടാണ് ക്രിസ്തുനാഥൻ സംസാരിക്കുന്നത്. ആ സ്നേഹസൂഹൃത്തിനു് നിങ്ങൾ എന്തു് ഉത്തരമാണ് കൊടുക്കുവാൻ പോകുന്നതു്? ക്രിസ്തുവിൻെറ സ്നേഹസന്ദേശം പ്രചരിപ്പിക്കുവാൻ വേണ്ടത്ര മിഷനറിമാർ ഇന്നു് ഭാരതത്തിലില്ല. ഈശോയെ പ്രസംഗിക്കുവാൻ ആളില്ലെങ്കിൽ എങ്ങനെ അവിടുന്നു് അറിയപ്പെടും? ജ്ഞാനസ്നാനം നൽകി ജനലക്ഷങ്ങളെ തിരുസഭയുടെ അരുമ സുതരാക്കുവാൻ മിഷനറിമാരില്ലെങ്കിൽ എങ്ങനെ പ്രസാദവരം അവർക്കു ലഭിക്കും? വൈദികരില്ലെങ്കിൽ ബലിയില്ല; ദിവ്യകാരുണ്യമില്ല; പാപമോചനമില്ല. സത്യസഭയിൽ പ്രവേശിക്കുവാൻ നമ്മുടെ മാതൃഭൂമിയുടെ ഓരോ സന്താനത്തിനും അവകാശമില്ലേ? അവിടുത്തെ തിരുരക്തത്തിൻെറ വിലയല്ലേ അവരും? തൻെറ വയലിലെ ഒരു വേലക്കാരനാകുവാൻ, ഒരു പുരോഹിതനാകുവാൻ, ഒരു മിഷനറിയാകുവാൻ ഈശോ നിങ്ങളേയും വിളിക്കുന്നുണ്ടോ? പ്രാർത്ഥനയും വിചിന്തനവും വഴി നാഥൻെറ വിളി നിങ്ങളെ ഉദ്ദേശിച്ചാണോ എന്നു തീരുമാനിക്കേണ്ടതു് നിങ്ങൾ തന്നെയാണ്. പ്രഥമമായി, ഉദാരവും വിശാലവുമായ മനോഭാവമാണ് ഈ വിളി സ്വീകരിക്കുവാനാവശ്യം.

## ദൈവവിളിയുണ്ടോ ?

യഥാർത്ഥത്തിൽ ഒരു വൈദികനോ സന്യാസിയോ ആകണമെന്നുള്ള ആഗ്രഹം എനിക്കുണ്ടോ, ചിലപ്പോഴെങ്കിലും!?

ഒരു വൈദികനോ സന്യാസിയോ, ഒരു സന്യാസ വൈദികനോ ആയിരിക്കുന്നതു് എൻെറ ആത്മരക്ഷയ്ക്കു കൂടുതൽ ഉപകരിക്കുമോ?

ക്രിസ്തുനാഥൻ എല്ലാവരാലും അറിയപ്പെടണമെന്നു് ഞാൻ ആഗ്രഹിക്കുന്നുണ്ടോ? എനിക്കാഗ്രഹമുണ്ടോ എല്ലാ മനുഷ്യരും രക്ഷപെടണമെന്നു്?

ഈ ആഗ്രഹത്തെ പ്രായോഗികമാക്കുന്നതിനുള്ള ആരോഗ്യം എനിക്കുണ്ടോ?

പഠിക്കുവാനുള്ള മാനസിക കഴിവുണ്ടോ എനിക്കു്?

ക്രിസ്തുവിനുവേണ്ടി ത്യാഗമനുഷ്ഠിക്കാനുള്ള ഉദാര മനോഭാവം എന്നിലുണ്ടോ?



www.malankaralibrary.com

സാധാരണരീതിയിൽ ഒരു കുട്ടിക്കു ദൈവവിളിയുണ്ടോയെന്ന് അവൻെറ പെരുമാററത്തിൽനിന്നും കുറെയൊക്കെ മനസ്സിലാക്കാവുന്ന താണ്. ഭക്തകൃത്യങ്ങളോടും ദൈവിക കാര്യങ്ങളോടും ദൈവിക ആളുകളോടും അവനു താല്പര്യവും സ്നേഹവുമുണ്ടാകുക ദൈവവിളിയുടെ ഒരു ലക്ഷണമാകാം. നല്ല ക്രിസ്തീയാന്തരീക്ഷം ദൈവവിളിക്കു സ്വാഗതമരുളാറുണ്ട്.

## പലതരം മാതാപിതാക്കൾ

ദൈവിക സേവനത്തിനായുള്ള തങ്ങളുടെ മക്കളുടെ ആഗ്രഹവും തീരുമാനവും കാണുമ്പോൾ ചില മാതാപിതാക്കൾ സന്തോഷാശ്രുക്കൾ പൊഴിക്കും. അനേക നാളത്തെ അവരുടെ പ്രാർത്ഥന ദൈവം ശ്രവിച്ചു എന്ന ബോധമാണ് അവർക്കുണ്ടാകുന്നത്.

തങ്ങളുടെ മക്കൾ ഗൗരവപൂർണ്ണമായ ഈ ജീവിതം തിരഞ്ഞെടുക്കുന്നതു കാണുമ്പോൾ മററു ചില മാതാപിതാക്കൾ വിമുഖത പ്രദർശിപ്പിച്ചെന്നു വരാം. ഇത് കുറച്ചു സാഹസികമല്ലേ എന്നാവാം അവരുടെ ചിന്ത.

ഇനിയും ചിലർ വളരെ ശക്തിപൂർവ്വം മക്കളുടെ ദൈവവിളിയെ എതിർക്കുന്നതായും കാണാം. ധാരാളം കാരണങ്ങൾ അതിനവർ കണ്ടുപിടിക്കുന്നു. പക്ഷെ യഥാർത്ഥമായ ഒന്നുപോലും ചൂണ്ടിക്കാണിക്കുന്നുമില്ല.


You have God's call to serve;
Parents have God's call to give.
Theirs is a harder sacrifice than yours.
But it is God's wish
that must prevail in the long run.



www.malankaralibrary.com

## ഏതു് ജീവിതാവസ്ഥ?

ഞാൻ ഒരു വൈദികനോ, ഒരു അഭിഭാഷകനോ, ഭിഷഗ്വരനോ, കൃഷീവലനോ എന്താണ് ആകേണ്ടതെന്നു് തീരുമാനിക്കേണ്ടതു് ദൈവം എനിക്കു് നൽകിയിട്ടുള്ള കഴിവുകളിൽനിന്നും അഭിരുചികളിൽനിന്നും സാഹചര്യങ്ങളിലൂടെ അവിടുന്നു എനിക്കു് നൽകുന്ന ആഹ്വാനത്തിൽനിന്നുമാണ്. ദൈവഹിതം ഇന്നതാണെന്നു് വ്യക്തമായി അറിഞ്ഞു കഴിഞ്ഞാൽ ആ ജീവിതാവസ്ഥ ഉദാരമനസ്കതയോടെ സ്വീകരിക്കുകയാണു് എന്റെ കടമ. അതിലാണ്, അതിലല്ലാതെ മറ്റൊന്നിലുമല്ല, എന്റെ ജീവിത ഭദ്രതയും സൗഭാഗ്യവും.



Postulants with their Master (1965–'66)



www.malankaralibrary.com

# സന്യാസജീവിതം

''നിനക്കു് പരിപൂർണ്ണനാകുവാൻ മനസ്സുണ്ടെങ്കിൽ നീ പോയി നിൻെറ മുതൽ വിററു് ദരിദ്രക്കു് കൊടുക്കുക....പിന്നെ എൻെറ പിന്നാലെ വരിക.'' യേശുനാഥൻെറ ഈ വാക്കുകളാണു് ഏതൊരു സന്യാസസഭയുടേയും അരൂപിയുടെ സമഗ്രപ്രകാശനം. സന്യാസികൾ സകല ലൗകികസമ്പത്തും മഹിമയും ത്യജിച്ചു് ദൈവേഷ്ടത്തിനു് പരിപൂർണ്ണമായി കീഴ്‌വഴങ്ങി ദിനംപ്രതി പുണ്യത്തിൽ അഭിവൃദ്ധി പ്രാപിക്കുവാനാണു് പ്രധാനമായി പരിശ്രമിക്കുന്നതു്. മററുള്ളവരുടെ ആത്മാക്കളെയും രക്ഷിക്കുന്നതിൽ അവർ ജാഗരൂകരാണു്.

തങ്ങളുടെ ത്യാഗം മൂന്നു വ്രതങ്ങളാൽ അവർ സ്ഥിരപ്പെടുത്തുന്നു, ദാരിദ്ര്യവ്രതത്താൽ ലൗകികസമ്പത്തിന്മേലുള്ള ആഗ്രഹത്തേയും ബ്രഹ്മചര്യവ്രതത്താൽ ജഡികസുഖേച്ഛയെയും അനുസരണവ്രതത്താൽ സ്വന്ത ഇഷ്ടത്തേയും പരിത്യജിച്ചിട്ടു് ക്രിസ്തുവിൻെറ ദാരിദ്ര്യത്തേയും പരിശുദ്ധിയേയും കീഴ്‌വഴക്കത്തേയും അവർ അനുകരിക്കുന്നു.

സന്യാസജീവിതത്തിൻെറ ഒരു പ്രത്യേകത അതിലെ സമൂഹജീവിതമാണു്. ''പരസ്പരം സഹായിക്കപ്പെടുന്ന സഹോദരന്മാർ ബലമേറിയ ഒരു കോട്ടയാണു്'' എന്നു് സങ്കീർത്തകൻ പാടുന്നു. സമൂഹജീവിതം ക്രമമായ ജീവിതരീതി പാലിക്കുന്നതിനു് വളരെ സഹായിക്കുന്നു. ഓരോ സന്യാസസഭയ്ക്കും പ്രത്യേക നിയമാവലി ഉണ്ടായിരിക്കും. അതു സന്യാസികളുടെ ആത്മീയജീവിതത്തെ ശരിയായി നിയന്ത്രിക്കുകയും നയിക്കുകയും ചെയ്യുന്നു.

തിരുസ്സഭയിലെ സന്യാസസഭകളെ പ്രധാനമായി രണ്ടായി തരംതിരിക്കാം. ഒന്നാമത്തേതു് നമ്മുടെ കർത്താവിൻെറ രഹസ്യജീവിതം അനുകരിച്ചു് പ്രാർത്ഥനയ്ക്കു് പ്രാധാന്യം നല്കി ആശ്രമാവൃതിയ്ക്കുകത്തു് മാത്രം ജീവിക്കുന്ന സന്യാസസമൂഹങ്ങൾ. ധ്യാനനിരതരായ സമൂഹങ്ങളെന്നു് ഇവർ അറിയപ്പെടുന്നു. രണ്ടാമത്തേതു്



www.malankaralibrary.com

# ബഥനി ഒരു വൈദ്യുതകേന്ദ്രം

## ശ്രീ. വി. ജോർജ്ജ് ഇരുമേട B. Sc. B. Ed. *

മലങ്കരസുറിയാനി സമുദായം വ്യവഹാരത്തിൻെറയും വട്ടിപ്പണ ക്കേസിൻെറയും നട്ടച്ചുഴിയിൽ കിടന്നുഴലുന്നകാലം. വിദേശമേധാവി ത്വത്തിൻെറ കയ്പേറിയ അനുഭവങ്ങൾകൊണ്ടു് വീർപ്പുമുട്ടിയ ഒരു പുരാതന വിശ്വാസസമൂഹം. ആദ്ധ്യാത്മിക പരിപുഷ്ടിയും നേതൃത്വവും കൊടുക്കുന്നതിനു് വളരെ വിരളമായി മാത്രം വ്യക്തികൾ മുമ്പോട്ടു വന്നുകൊണ്ടിരുന്ന ഒരു സന്ദർഭം. ഈ സാഹചര്യങ്ങളിൽ സമുദാ യോൽക്കർഷത്തിനു ദാഹിച്ചിരുന്ന ഒരു മഹാവ്യക്തിയെ ദൈവം മല ങ്കരയ്ക്കു നൽകി. അന്നു ലഭ്യമായിരുന്ന വിദ്യാഭ്യാസത്തിൽ ഏററം ഉയർന്ന പരീക്ഷ പാസ്സായ ''എം. എ. അച്ചൻ'' (Mar Ivanios) കൽക്കട്ടായിലെ സെറാമ്പൂർ കോളേജ് പ്രിൻസിപ്പലായിരിക്കു മ്പോൾ അനവധി രാത്രികളും പകലുകളും തൻെറ മാതൃസഭയുടെ ഉൽക്കർഷത്തിനുള്ള പദ്ധതികൾ ചിന്തിച്ചുകൊണ്ടിരുന്നു. പ്രാർത്ഥ നാനിരതരും സേവനസന്നദ്ധരുമായ സന്യാസികളുടെ ഒരു സമൂഹം ഉദയം ചെയ്യുകല്ലാതെ ഇതിനു മററു മാർഗ്ഗമില്ലെന്നു് അദ്ദേഹം മനസ്സി ലാക്കി.

---

കർത്താവിൻെറ പരസ്യജീവിതം അനുകരിച്ചു് പ്രാർത്ഥനയോടുകൂടെ ബാഹ്യപ്രവർത്തനവും നടത്തുന്ന സന്യാസസമൂഹങ്ങളാണു്.

മിശിഹാനുകരണസമൂഹം (ബഥനിസമൂഹം) മേൽപ്പറഞ്ഞ രണ്ടാ മത്തെ ഗണത്തിൽ പെടുന്നു. ഈ സമൂഹത്തെപ്പററി കൂടുതൽ വിവര ങ്ങൾക്കു് താഴെക്കാണുന്ന മേൽവിലാസത്തിൽ എഴുതുക.

Vocation Bureau,
Bethany Asram,
POONA-14

---

*Diocesan Representative of M. C. S. L. (Tiruvalla)



www.malankaralibrary.com

കത്തോലിക്കാസഭയുടെ വളർച്ചയ്ക്കു് സന്യാസവ്രതം സ്വീകരിച്ച ത്യാഗമൂർത്തികളായ യുവതീയുവാക്കന്മാരുടെ നിസ്വാർത്ഥസേവനങ്ങൾ നൽകുന്ന അമൂല്യസംഭാവനയും, പ്രോട്ടസ്റ്റന്റു ഹൈച്ചർച്ചിലെ സന്യാസികളും സന്യാസിനിമാരും കൽക്കട്ടായിൽ ചെയ്തുകൊണ്ടിരുന്ന സേവനങ്ങളും നേരിട്ടുമനസ്സിലാക്കിയ എം. എ. അച്ചൻ മലങ്കരയാക്കോബായ സഭയുടെ സർവോൽക്കർഷത്തിനുവേണ്ടി, ദൈവനിവേശിതമായി പെരുനാട്ടിൽ സ്ഥാപിച്ച ബഥനിപ്രസ്ഥാനം സഭാചരിത്രത്തിലെ ഒരു നാഴികക്കല്ലാണു്.

'രക്ഷകനായ മിശിഹായെ അനുകരിച്ചുകൊണ്ടു്' തനി ഭാരതീയ പശ്ചാത്തലത്തിൽ ത്യാഗത്തിന്റെയും ആത്മസമർപ്പണത്തിന്റെയും കാഷായവേഷധാരികളായ സന്യാസിമാരും, വിനയത്തിന്റെയും പരിശുദ്ധിയുടേയും ശുഭ്രവസ്ത്രധാരികളായ സന്യാസിനിമാരും അടങ്ങിയ ബഥനിസമൂഹം, ദാരിദ്ര്യം, ബ്രഹ്മചര്യം, അനുസരണം എന്നീ മൂന്നു വ്രതങ്ങളാൽ ദൃഢബദ്ധരായി ക്രിസ്തുനാഥന്റെ വയലിലെ വേലക്കാരായി മുന്നോട്ടുവന്നപ്പോൾ, മലങ്കരയിലെ സുറിയാനിക്കാർ ഒന്നടങ്കം അവരുടെ പിന്നിൽ അണിനിരന്നെങ്കിൽ അത്ഭുതപ്പെട്ടിട്ടുകാര്യമില്ല. ബഥനിക്കു് ഒരു മെത്രാപ്പോലീത്തായും ഒരു എപ്പിസ്കോപ്പായും വാഴിക്കപ്പെട്ടു. ലോകവന്ദ്യരായിത്തീർന്ന മാർ ഇവാനിയോസ് തിരുമേനിയും, മാർ തിയോഫീലോസ് തിരുമേനിയും സുറിയാനിക്കാരുടെ കണ്ണിലുണ്ണികളായിപ്പകർന്നു. ബഥനിയുടെ നേതൃത്വത്തിൽ നടന്ന ധ്യാനസമ്മേളനങ്ങളിലും പ്രസംഗയോഗങ്ങളിലും നോമ്പുകാലപരിപാടികളിലും അന്നത്തെ ആബാലവൃദ്ധം ജനങ്ങളും ആവേശത്തോടെ പങ്കുകൊണ്ടു.

സഭയുടെ പരിപൂർണ്ണതയ്ക്കു് ''തായ്ത്തടി''യുമായി യോജിക്കേണ്ടതു് ആവശ്യമാണെന്നു് മനസ്സിലാക്കിയ മാർ ഈവാനിയോസ് മെത്രാപ്പോലീത്താതിരുമേനിക്കു് ''. . . ഏതെങ്കിലും ഒരു പഴയ സഭയുമായി കൂടിച്ചേരുകയല്ലാതെ ഗത്യന്തരമില്ലെന്നും ആയതിലേക്കു വേണ്ട എഴുത്തുകൾ നടത്തണമെന്നും'' ഉള്ള സഭാപിതാക്കന്മാരുടെ പ്രോത്സാഹനവചനങ്ങളോടുകൂടിയ അനുവാദം മുഖേന മാർപ്പാപ്പാതിരുമേനിയുമായി എഴുത്തുകുത്തുനടത്തുന്നതിനുള്ള അവസരം ദൈവം നൽകി. അങ്ങനെ സഭാചരിത്രത്തിലെ വേറൊരു നാഴികക്കല്ലായ പുനരൈക്യപ്രസ്ഥാനവും 1930 സെപ്റ്റംബർ 20-ാം തീയതി ആ



www.malankaralibrary.com

മഹൽ പിതാവിന്റെ തൃക്കരങ്ങൾകൊണ്ടുതന്നെ, കൊല്ലത്തു് പുണ്യശ്ലോകനായ ബൻസിഗർ തിരുമേനിയുടെ അരമനയിൽവച്ചു് ഉൽഘാടനം ചെയ്യപ്പെട്ടു.

ഇന്നു് മിശിഹാനുകരണ ബഥനി സമൂഹങ്ങളുടെ അനുഗ്രഹസമ്പൂർണ്ണങ്ങളായ ഫലങ്ങൾ ആസ്വദിച്ചു് ആത്മനിർവൃതിയടയുന്ന അനേകരിൽ ഒരുവനത്രേ ഈ ലേഖകൻ. സാധാരണ വ്യക്തികളുടെ ആദ്ധ്യാത്മികരംഗത്തെ പുരോഗതിക്കു് സന്യാസപ്രവരരുടെ നേതൃത്വവും വഴികാട്ടലും ഒഴിച്ചുകൂടാൻ പാടില്ലാത്ത ഒരു സംഗതിയത്രെ. ബഥനിസന്യാസിമാരായ പിതാക്കന്മാർ ഓരോരുത്തരും ബഥിനിമഠങ്ങളിലെ സഹോദരികളും ക്രിസ്തുനാഥന്റെയും പരിശുദ്ധ അമ്മയുടേയും സ്നേഹസന്ദേശങ്ങൾ ലോകത്തിനു് സദാ നൽകികൊണ്ടിരിക്കുന്ന ശക്തികേന്ദ്രങ്ങളാണെന്നു് ബോദ്ധ്യപ്പെട്ടിട്ടുള്ള ഒരു വ്യക്തി എന്ന നിലയിൽ, ബഥനിസമൂഹത്തിന്റെ വളർച്ചയ്ക്കു് സ്വയം അർപ്പിതരായ നവാഗതരേയും അർത്ഥികളേയും അങ്ങേയററം അഭിനന്ദിക്കുന്നതിനും ഭാവുകങ്ങൾ നേരുന്നതിനും ഈ അവസരം ഉപയോഗിക്കുന്നു.

ഞങ്ങളെപ്പോലെയുള്ള ''ലൗകികജീവികൾ'' ഭൗതികനിരീശ്വര പ്രസ്ഥാനങ്ങളും ആധുനിക ദുർമാർഗ്ഗപ്രവണതകളും നിറഞ്ഞ കൂരിരുട്ടിൽ വച്ചിരിക്കുന്ന ചില ഇലക്ട്രിക്കബൾബുകളെപ്പോലെയാണു്. വൈദ്യുതിയുടെ കേന്ദ്രമായ സന്യാസമന്ദിരങ്ങളിലേക്കു് ആദ്ധ്യാത്മിക ആയോധനങ്ങളായ ചെമ്പുകമ്പികൾകൊണ്ടു് ഞങ്ങൾ ബന്ധിപ്പിക്കപ്പെടുമ്പോൾ പവ്വർ സ്റ്റേഷനിൽ തന്നെ, മഴയും കാററും ഏശാതെ പ്രശോഭിക്കുന്ന വെണ്മനിറഞ്ഞ ട്യൂബ്ലൈററുകളെപ്പോലെയുള്ള സന്യാസ ശ്രേഷ്ഠരെയും സന്യാസികളേയും കണ്ടുകൊണ്ടു് ഞങ്ങളും എളിയ തോതിൽ വഴിവിളക്കുകളായി പ്രകാശിക്കുന്നതാണു്. പക്ഷെ ഇവയുടെയെല്ലാം സ്വിച്ചുബോർഡും ഫ്യൂസുമെല്ലാം ആശ്രമവളപ്പിലും കന്യകാലയത്തിന്റെ ഉള്ളിലും ആണെന്നുള്ളതിനാൽ സന്യാസാന്തേസ്സുകാരായ ''ട്യൂബ്ലൈററുകൾക്കു്'' പ്രകാശിക്കുന്നതിനു് പ്രയാസമില്ല. സന്യാസമന്ദിരങ്ങളിലെ പ്രാർത്ഥനയും പരിത്യാഗവുമായ ഫ്യൂസ്കമ്പിയിൽ കൂടി സർവ്വശക്തിയുടേയും കേന്ദ്രമായ മിശിഹായിൽ നിന്നും സ്വർഗ്ഗീയമായ ആലക്തിക


www.malankaralibrary.com

പ്രവാഹം ഒഴകി, പൈതൃകവും മാതൃകവുമായ അനുഗ്രഹക്കമ്പികൾ ലോകം മുഴവൻ ഇണക്കുകയും ഓരോ തൂണിലും ഓരോ വഴിവിളക്കുകൾ സ്ഥാപിക്കയും ചെയ്താൽ ''കതിരുകൾ'' അല്ല ഉജ്ജ്വലരശ്മികൾ തന്നെ—അൾട്രാവയലററു രശ്മികളും റോഡീയോതരംഗങ്ങളും ഇലക്ട്രോണിക്കു ശക്തിതന്നെയും — എളിയവരിൽ കൂടി കടന്നു ചെന്നു് അന്ധകാരനിബിഡമായ ലോകത്തെ പ്രകാശസമ്പൂർണ്ണമാക്കുകയും ചെയ്യും.

ഒരു കാര്യം സൂക്ഷിക്കേണ്ടതുണ്ടു്. ബൾബുകൾ കത്തണമെങ്കിൽ ഫിലമെൻറു് ശരിയായിരിക്കണം. ഉറപ്പുള്ളതും കാര്യക്ഷമവുമായ ഫിലമെൻറല്ലെങ്കിൽ എത്ര കറൻറുവന്നാലും ബൾബു കത്തുകയില്ല. ബൾബുകൾ ഫ്യൂസാകരുതു്. മനോഹരമായി കത്തിശോഭിക്കണമെന്നാഗ്രഹമുണ്ടെങ്കിൽ ട്യൂബുലൈററാണു് നല്ലതു്. ഫിലമെൻറു വേണ്ട, രസവാതകം മതി. ബഥനിയിൽ അതു ധാരാളമായി കിട്ടുമത്രേ. ഉൽകൃഷ്ടമാതാപിതാക്കളുടെ സൽസന്താനങ്ങളായി ജനിച്ച മിശിഹായുടെ പ്രജകൾ ബഥനിയുടെ ശക്തികേന്ദ്രത്തിൽ അണിനിരന്നു്, ഹൃദയഹാരികളായ ട്യൂബുലൈററുകളായി പ്രശോഭിക്കട്ടെ! ലോകം മുഴവൻ കർത്തൃദീപ്തിയിൽ ആറാടട്ടെ! നാരകീയ അന്ധകാരം ഇങ്ങിനിവരാതെവണ്ണം നിഷ്ക്രമിക്കപ്പെടട്ടെ!

MALANKARA
LIBRARY



www.malankaralibrary.com

# ഞങ്ങൾ


ഞങ്ങൾ ആരാണെന്നോ? പറയാം. തിരുവനന്തപുരം നാലാഞ്ചിറ ബഥന്യാശ്രമം നൊവിഷ്യേററിലുള്ള നവശിഷ്യരത്രേ ഞങ്ങൾ. ഇപ്പോൾ 11 പേരുണ്ട് ഞങ്ങൾ. പുണ്യപൂർണ്ണരായ ബഥനി സന്യാസികളാകുവാൻ വേണ്ട ആത്മീയ രൂപീകരണം സമ്പാദിക്കുകയാണ് ഞങ്ങളിവിടെ. അതെ, മാതൃകായോഗ്യനായ ഒരു ബഥനി ആശ്രമസ്ഥൻ എങ്ങനെ ജീവിക്കണമൊ അപ്രകാരം ഞങ്ങൾ ജീവിച്ച് പഠിക്കുകയാണ്. ഇതിന്റെ വിജയത്തെ ആശ്രയിച്ചിരിക്കും ഞങ്ങളുടെ ഭാവിജീവിതം മുഴുവൻ.

മനുഷ്യദൃഷ്ടിയിൽ വലുതെന്ന് തോന്നുന്നവയൊന്നും ഇവിടെ ഞങ്ങൾക്ക് ചെയ്യുവാനില്ല. എങ്കിലും ''ദൈവമേ, നിന്റെ ഇഷ്ടം ചെയ്യാൻ ഞാൻ വരുന്നു'' എന്നുള്ള ദിവ്യനാഥന്റെ സ്വരം ഞങ്ങൾ ശ്രവിച്ചുകൊണ്ട് സാധാരണ ദിനകൃത്യങ്ങൾ ഞങ്ങൾ നിർവ്വഹിക്കുന്നു. ഈ ജീവിതത്തിന് ഞങ്ങൾ പററിയവരാണോ എന്ന് സ്വയം പരിശോധിക്കുകയാണ്. ആശ്രമാധികാരികളും ഈ വിധം ഞങ്ങളെ പരിശോധിക്കുന്നു. ഈ പരിശോധനയിൽ ആക്കെങ്കിലും തോൽവി ഭവിച്ചാൽ ആ ആൾ സ്ഥലംവിടേണ്ടിവരും.

ആയാത പദം (Aspirancy), അർത്ഥിപദം (Postulancy) എന്നീ ചുരുങ്ങിയ പ്രാരംഭ പരിശീലനഘട്ടങ്ങളിൽക്കൂടി കടന്നാണ് ഞങ്ങൾ നവശിഷ്യപദത്തിലെത്തിയത്. ലളിതസുന്ദരമായ നവശിഷ്യസ്വീകരണശുശ്രൂഷ ആശ്രമപ്പള്ളിയിൽവച്ച് നടത്തി എത്രയും ബ. സുപ്പീരിയർ ജനറലച്ചൻ ഞങ്ങളെ നവശിഷ്യപദത്തിൽ പ്രവേശിപ്പിച്ചു. അതോടുകൂടി കാവിക്കുപ്പായവും കഴുത്തിൽ ധരിക്കാൻ കുരിശും ഞങ്ങൾക്ക് നൽകപ്പെട്ടു. സ്വർഗ്ഗവാസികളായ ഓരോ വിശുദ്ധരുടെ നാമത്തിൽ പുതിയ പേരുകളും ഞങ്ങൾക്ക് ലഭിച്ചു. ഈ വിശുദ്ധരെ സ്വർഗ്ഗീയസംരക്ഷകരും മാതൃകകളുമായി ഞങ്ങൾ സ്വീകരിച്ച് ജീവിക്കണം. പഴയ മനുഷ്യനെ ഉരിഞ്ഞുകളഞ്ഞു് പുതിയ മനുഷ്യനെ ധരിക്കണമെന്നും വിശുദ്ധരായി തീരണമെന്നും




www.malankaralibrary.com



Very Rev. Fr. Jacob O. I. C.
Superior General.

www.malankaralibrary.com



Novices and Master

www.malankaralibrary.com

ഈ പുതിയ വസ്ത്രവും പേരും ഞങ്ങളെ സദാ അനുസ്മരിപ്പിച്ചുകൊണ്ടിരിക്കുന്നു. എല്ലാ കാര്യങ്ങളിലും ഞങ്ങളെ നോക്കി പരിപാലിക്കുവാനായി ഞങ്ങളോടുകൂടി സദാ ജീവിക്കുന്ന ഒരു അച്ചനുണ്ട്. അദ്ദേഹത്തെ ഞങ്ങൾ ''ഗുരുവച്ചൻ'' എന്ന് വിളിക്കുന്നു, അദ്ദേഹം ഞങ്ങളുടെ ഗുരു മാത്രമല്ല, സ്നേഹവും കരുണയും ഔദാര്യവുമുള്ള പിതാവു കൂടിയാണ്. സ്നേഹശിശുക്കളെ എന്നപോലെ അദ്ദേഹം ഞങ്ങളെ വളർത്തിയെടുക്കുന്നു. ഗുരുവച്ചന്റെ സ്വരത്തിൽ ദൈവസ്വരം ശ്രവിച്ച് ദൈവതിരുമനസ്സിനോട് പരിപൂർണ്ണമായി യോജിച്ച് ജീവിക്കുവാനാണ് ഞങ്ങൾ നോക്കുന്നത്. അതിനു വേണ്ടി സ്വേച്ഛയെ ഞങ്ങൾ ബലികഴിക്കണം. 'എന്റെ പിന്നാലെ വരുവാൻ മനസ്സുള്ളവൻ തന്നെത്തന്നെ പരിത്യജിച്ച് തന്റെ കുരിശെടുത്ത് എന്റെ പിന്നാലെ വരട്ടെ'' എന്നുള്ള ക്രിസ്തുനാഥന്റെ വചസ്സുകൾ ജീവിതത്തിൽ അന്വർത്ഥമാക്കുവാൻ ഞങ്ങൾ യത്നിക്കുകയാണ്.

ചുറ്റും മതിലുകളാൽ വലയം ചെയ്യപ്പെട്ട ഏകാന്തമായ ഒരു സ്ഥലമാണ് ഞങ്ങൾ വസിക്കുന്ന നൊവിഷ്യേറ്റ്. പ്രശാന്തസുന്ദരവും പാവനവുമായ ഈ പരിസരങ്ങൾ ആരുടേയും അന്തരംഗത്തേ സ്വർഗ്ഗീയമണ്ഡലങ്ങളിലേയ്ക്കുയർത്തുവാൻ പര്യാപ്തമാണ്. ഞങ്ങളുടെ സാധാരണജീവിതത്തിലെ ആവശ്യങ്ങളെല്ലാം നിർവ്വഹിക്കുവാനുള്ള സൗകര്യങ്ങൾ ഈ നൊവിഷ്യേറ്റിനകത്തുതന്നെയുണ്ട്.

മുൻപറഞ്ഞ ലക്ഷ്യങ്ങൾ പ്രാപിക്കുവാൻ പറ്റിയതാണ് നോവിഷ്യേറ്റിലെ ദിനചര്യയും. രാവിലെ 5 മണിക്കു തന്നെ ഞങ്ങളെല്ലാവരും ഉറക്കത്തിൽനിന്നെഴുന്നേൽക്കുന്നു. ക്ലാപ്പർ (മരമണി) നാദം ഞങ്ങളെ വിളിച്ചുണർത്തുന്നു. ആദ്യമൊക്കെ ഇതിന്റെ ശബ്ദം ഞങ്ങളുടെ കർണ്ണപുടങ്ങൾക്ക് ശല്യമായിരുന്നെങ്കിലും ഇന്ന് അത് കുരിശുമരത്തിന്റെ സ്മരണയെ ഉദ്ദീപിപ്പിക്കുന്നതിനാൽ മധുരമായി അനുഭവപ്പെടുന്നു. 5. 30.ന് ധ്യാനമാണ്. വി. കുർബാനയുടെ സന്നിധിയിൽ, ഏകാന്തതയിൽ അര മണിക്കൂർ ദിവ്യനാഥനോടുകൂടി സ്നേഹസംസർഗ്ഗം ചെയ്യുന്ന സമയം. 6 മണിക്കുള്ള യാമനമസ്കാരത്തിന് ആശ്രമസ്ഥരെല്ലാവരും ചാപ്പലിന്റെ ഇരുവശങ്ങളിൽ അണിനിരക്കുന്നു. അനന്തരം മാലാഖമാരോടൊത്ത് ദൈവസ്തുതികൾ പാടുകയാണ്. ഇഹത്തിൽ ദൈവത്തിനു സമർപ്പിക്കാവുന്നതി


www.malankaralibrary.com

ലേയ്ക്കും മഹനീയ കാഴ്ചയായ ദിവ്യബലിസമർപ്പണമാണ് പിന്നെ നടക്കുന്നത്. അതിൽ സംബന്ധിച്ച് സ്നേഹനാഥനെ സ്വീകരിച്ചുകൊണ്ട് ശക്തിയും അനുഗ്രഹവും ഞങ്ങൾ പ്രാപിക്കുന്നു. കൃതജ്ഞതാർപ്പണത്തിനായി ഏകദേശം 20 മിനിട്ട് പിന്നീട് ലഭിക്കുന്നു. ഞങ്ങളുടെ ഹൃദയത്തിൽ എഴുന്നള്ളിവരുന്ന ദിവ്യരക്ഷകനോടുള്ള സ്നേഹൈക്യത്തിൽ ഈ സമയം ഞങ്ങൾ കഴിക്കുകയും അവിടത്തെ അറിയിക്കേണ്ടതെല്ലാം അറിയിക്കുകയും ചെയ്യുന്നു. അങ്ങനെ ധ്യാനവും നമസ്കാരവും വി. കുർബാനയും കഴിഞ്ഞാൽ പ്രഭാതഭക്ഷണമായി. അതിനുശേഷം അര മണിക്കൂർ ചില ലഘുവേലകൾ ചെയ്യുവാനുണ്ടാകും. 9 മണിക്ക് വി. കുർബാന സന്ദർശനാനന്തരം ഞങ്ങൾ ഗുരുവച്ചൻ നടത്തുന്ന ക്ലാസ്സിലേയ്ക്ക് പോകുന്നു. ആദ്ധ്യാത്മികജീവിതത്തെക്കുറിച്ചും പ്രത്യേകിച്ച് സന്യാസജീവിതത്തെക്കുറിച്ചുമാണ് ഞങ്ങൾക്ക് പഠിക്കുവാനുള്ളത്. അടുത്ത പ്രധാന കൃത്യം രണ്ടാമത്തെ ധ്യാനമാണ്. ധ്യാനമെന്നു പറഞ്ഞാൽ മറ്റെല്ലാ കാര്യങ്ങളിൽനിന്നും മനസ്സും ഹൃദയവും തിരിച്ച് സ്നേഹസ്വരൂപനായ ദൈവവുമായി സ്നേഹസംഭാഷണം നടത്തുകയെന്നാണ് അർത്ഥം.



Novices in the presence of their Lord and Master




www.malankaralibrary.com

ധ്യാനശേഷം വീണ്ടും ക്ലാസ്സുണ്ട്, 11. 30 ആകുമ്പോഠം ആശ്രമ സ്ഥരെല്ലാവരുടേയും ഭക്തിവായനയ്ക്കായി മണി അടിക്കുന്നു.

വിശിഷ്ടങ്ങളായ അദ്ധ്യാത്മികഗ്രന്ഥങ്ങളും വിശുദ്ധരുടെ ജീവ ചരിത്രങ്ങളും ശാസ്ത്രജ്ഞന്മാരുടെ ഉൽകൃഷ്ടഗ്രന്ഥങ്ങളുമടങ്ങിയ ഒരു നല്ല ഗ്രന്ഥശാല ഞങ്ങഠംക്കുണ്ട്. അദ്ധ്യാത്മിക ജിവിതപുരോ ഗതിക്കു് ഏററം ഉപകരിക്കുന്നതത്രേ ഈ ഗ്രന്ഥങ്ങളുടെ പാരായണം.

12 മണിക്കു് യാമനമസ്കാരവും ആത്മശോധനയും അതിനെ തുടർന്നു ഭക്ഷണവുമാണു്. അനന്തരം ഞങ്ങഠം വി. കുർബാന സന്ദർ ശനം നടത്തിയിട്ടു് ഉല്ലാസമുറിയിലേയ്ക്കു് പ്രവേശിക്കുന്നു. ഈ സമയം എന്തു രസമാണെന്നോ! ചിലർ പാട്ടു പാടുന്നു. വേറൊരു കൂട്ടർ തമാശകഠം പറഞ്ഞു് പൊട്ടിച്ചിരിക്കുന്നു. വായനയിൽ മുഴുകു ന്നവരുമുണ്ടു്. പൊതുവേ പറഞ്ഞാൽ വിനോദത്തിൻേറയും ആഹ്ലാദ ത്തിൻേറയുമൊരവസരം! ഉല്ലാസം കഴിഞ്ഞു് സമൂഹത്തിനുവേണ്ടി യുള്ള ഒരു സ്പൃഹണീയ പ്രാർത്ഥന നടത്തിയശേഷം വരുന്നതു് വിശ്രമം, ജപമാല, ക്ലാസ്സു് ഇവയുടെ സമയമാണു്. 4 മണിക്കുള്ള വി. കുർബാന സന്ദർശനത്തിനും ലഘുഭക്ഷണത്തിനും ശേഷം കളി




Novices at Recreation



www.malankaralibrary.com

യിലും ജോലിയിലും ഞങ്ങൾ ഏർപ്പെടുന്നു, കലർപ്പില്ലാത്ത സന്തോഷം നിറഞ്ഞ ആ കളി കാണാൻ തന്നെ ഒരു രസമുണ്ട്. ഗുരുവച്ചൻ മിക്ക ദിവസങ്ങളിലും ഞങ്ങളോടൊന്നിച്ച് കളിക്കും. ചിലപ്പോഴൊക്കെ എത്രയും ബ. ജനറാളച്ചനും കളിക്കാൻ വരും, അപ്പോൾ ഞങ്ങളുടെ സന്തോഷം വർദ്ധിക്കുകയായി. മുക്കാൽ മണിക്കൂറോളം കളിച്ചതിനുശേഷം പൂന്തോട്ടത്തിലും പച്ചക്കറിത്തോട്ടത്തിലും വേലകൾക്കായി പോകുന്നു. ഞങ്ങളുടെ താമസമുറികൾക്കടുത്തുതന്നെ സുരഭിലസുമങ്ങൾ നിറഞ്ഞ പൂന്തോട്ടങ്ങളുണ്ട്. ഗൃഹത്തിനു ചുററും ചെറുമാവുകളും പ്ലാവുവൃക്ഷങ്ങളും പടന്ന് പന്തലിച്ചു കിടക്കുന്നു. നാനാവശങ്ങളിലും കല്പകവൃക്ഷങ്ങൾ തലപൊക്കി നിൽക്കുന്നു. ചീര, പയർ, തക്കാളി, കൊല്ലി, വെണ്ട, പാവൽ, വഴുതന മുതലായവയൊക്കെ ഞങ്ങളുടെ കൃഷിത്തോട്ടത്തിലുണ്ട്. ഞങ്ങൾക്കു നല്ലൊരു മധുരഫലത്തോട്ടമുള്ളതിൽ ഉണ്ടാകുന്ന വലിയ കുപ്പങ്ങാകൾ പ്രദർശനത്തിനു് പററിയവയാണ്.



Novices cultivating the soul and the soil

ആറര മണിക്കു് ആശ്രമസ്ഥരെല്ലാവർക്കും വീണ്ടും ഭക്തിവായന യാണ്. സന്ധ്യാപ്രാർത്ഥന, ധ്യാനം, ഭക്ഷണം, ഉല്ലാസം, രാത്രി പ്രാർത്ഥന, ആത്മശോധന എന്നിവയോടുകൂടി ഞങ്ങളുടെ ഒരു



www.malankaralibrary.com

ദിവസം അവസാനിക്കുന്നു. ഇടയ്ക്കിടയ്ക്ക് സ്വന്തസമയം കിട്ടുന്നത് തനതുവായന, പഠനം, പ്രാർത്ഥന, കൈവേല, ശുചീകരണം ആദിയായവയ്ക്കായി വിനിയോഗിക്കാം. ഉച്ചയ്ക്കും വൈകിട്ടുമുള്ള ഭക്ഷണസമയത്ത് ഏതെങ്കിലും ഭക്തഗ്രന്ഥം പൊതുവിൽ വായിക്കുന്നു. തിരുനാൾ ദിവസങ്ങളിലും ഉല്ലാസദിനങ്ങളിലും ഈ വായന ഉണ്ടായിരിക്കുകയില്ല; പകരം ഉല്ലാസമായിരിക്കും.

വ്യാഴം, ഞായർ എന്നിവ അവധിദിവസങ്ങളാണ്. തിരുനാൾ ദിവസങ്ങളിലും അവധി ദിവസങ്ങളിലും അനുയോജ്യമായ ടൈംടേബിളുണ്ട്. പതിവിൽ കൂടുതലായി ഉല്ലാസം അന്ന് അനുവദിക്കുന്നു. 4 മണിയ്ക്ക് ലഘുഭക്ഷണാനന്തരം ഈ ദിവസങ്ങളിൽ ഞങ്ങൾ ഗുരുവച്ചനൊത്ത് നടക്കുവാൻ പോകാറുമുണ്ട്. ഞങ്ങളെല്ലാവരുംകൂടി നടന്നുപോകുന്നത് കാണികൾക്കൊരു കാഴ്ച തന്നെയാണ്. അവധിക്കാലങ്ങളിൽ വിനോദയാത്രയായി വട്ടിരസ്ഥലങ്ങളിലേക്കു പോയി മനോഹരകാഴ്ചകൾ കാണാറുമുണ്ട്.

നൊവിഷ്യേററിലായിരിക്കുമ്പോൾ 15 മിനിററ് ഇടവിട്ടടിക്കുന്ന ക്ലാപ്പറിന്റെ ശബ്ദം ദൈവസ്മരണ പാലിക്കുവാനായി ഞങ്ങളെ സഹായിക്കുന്നു. മനോജ്ഞമായ ഞങ്ങളുടെ കൊച്ചു നൊവിഷ്യേററു ചാപ്പലിലെ തിരുസക്രാരിയിൽ ദിവ്യനാഥൻ സദാ പള്ളികൊള്ളുകയും രാപകൽ ആ സ്നേഹജയിൽവാസിയോടുകൂടി വസിക്കുകയും ചെയ്യുന്നുവെന്നുള്ളതത്രേ ഞങ്ങളുടെ സവിശേഷസൗഭാഗ്യം. ഓ! നൊവിഷ്യേററിലെ ജീവിതം എത്ര ആനന്ദപ്രദവും ആഹ്ലാദകരവുമാണെന്നോ! നൊവിഷ്യേററ് ഒരു വഷത്തേക്കാണെങ്കിലും അതിന്റെ ദിനങ്ങൾ അതിവേഗം കടന്നുപോകയാണ്. പല കുടുംബങ്ങളിൽനിന്ന് വന്ന ഞങ്ങൾ ഏക പിതാവിന്റെ മക്കളെപ്പോലെ പരസ്നേഹത്തിന്റെ മോഹനശൃംഖലയാൽ ബന്ധിയ്ക്കപ്പെട്ടു് ഭൗമ്യപറുദീസായിലെന്നപോലെ ജീവിക്കുന്നു. ''സഹോദരന്മാർ ഒരുമിച്ചു വസിക്കുന്നത് എത്ര നല്ലതും എത്ര മനോഹരവുമാകുന്നു!'', ചുരുക്കത്തിൽ സ്വന്ത വിശുദ്ധീകരണം സാധിച്ചുകൊണ്ട് ക്രിസ്തുനാഥനുവേണ്ടി ആത്മാക്കളെ നേടുവാനുള്ള അഭിലാഷം വളർത്തിയെടുക്കുകയാണ് ഞങ്ങളിപ്പോൾ.

''ദൈവത്തിനു സമർപ്പിക്കപ്പെടുന്ന ഒരു ഹൃദയം അതിന്റെ പ്രകൃതിസിദ്ധമായ സ്നേഹവിശേഷത്തെ പരിത്യജിക്കുന്നില്ല, പ്രത്യുത പരിശുദ്ധവും കൂടുതൽ ആദ്ധ്യാത്മികവുമായി തീരുക മൂലം ആ സ്നേഹം ഉപരി ദൃഢതരമാകുകയാണ് ചെയ്യുന്നത്.''
വി. കൊച്ചുത്രേസ്യാ.




www.malankaralibrary.com

# ക്രിസ്തുവിന്റെ പുരോഹിതൻ

''ലോകമദ്ധ്യേ ജീവിക്കുക; എന്നാൽ അതിന്റെ സന്തോഷങ്ങൾ ആശിക്കാതിരിക്കുക.

ഓരോ കുടുംബത്തിന്റെയും അംഗമായിരിക്കുക; എന്നാൽ ഒന്നിന്റെയും സ്വന്തമാകാതിരിക്കുക.

സകല സഹനങ്ങളിലും ഭാഗഭാക്കാകുക; സകല മുറിവുകളും സ്വസ്ഥമാക്കുക;



Rev. Fr. John Bosco takes up his new office as the Assistant Vocation Director



www.malankaralibrary.com

മനുഷ്യസമൂഹത്തിൽ നിന്ന് ദൈവസന്നിധിയിലെത്തി, അവരുടെ പ്രാർത്ഥനകൾ അവിടുത്തേക്കർപ്പിക്കുക;

ദൈവസവിധത്തിൽ നിന്ന് പാപമോചനവും പ്രത്യാശയും സംവഹിച്ച്, മനുഷ്യരുടെ ഇടയിൽ തിരിച്ചെത്തുക;

പരസ്നേഹ കൃത്യനിർവ്വഹണത്തിൽ ജ്വലിച്ചെരിയുന്നതും ചാരിത്രസംരക്ഷണത്തിൽ അചഞ്ചലവുമായ ഹൃദയമുള്ളവനായിരിക്കുക;

എപ്പോഴും പഠിപ്പിക്കുക; എപ്പോഴും ക്ഷമിക്കുക; എപ്പോഴും സമാശ്വസിപ്പിക്കുക; എന്നെന്നും അനുഗ്രഹിക്കുക.

അല്ലയോ വൈദികാ,

അങ്ങയുടെ ജീവിതം എത്രയോ മഹനീയം!''

(ലാക്കോർഡയർ)

''ഹാ! ദൈവത്തിനുവേണ്ടി ജീവിക്കുകയും തനിക്കുവേണ്ടി അദ്ധ്വാനിക്കുകയും തന്റെ ദർശനലാഭത്തിനു മററുള്ളവരെ സഹായിക്കുകയും ചെയ്യുന്നതു് എത്ര മനോജ്ഞം!''

ഒരു വൈദികൻ കത്തിജ്വലിച്ചുകൊണ്ടിരിക്കുന്ന യഥാർത്ഥ ദീപസ്തംഭമാണ്. അദ്ദേഹത്തിന്റെ ജീവിതം സ്നേഹത്തിന്റെയും ത്യാഗത്തിന്റെയും സേവനത്തിന്റെയും പര്യായമാണ്. ഒരു നല്ല ഇടയനെപ്പോലെ അദ്ദേഹം തന്റെ ജനങ്ങളോടുകൂടി ജീവിക്കുകയും അവർക്കുവേണ്ടി തന്റെ ജീവിതം മുഴുവൻ ചിലവഴിക്കുകയും ചെയ്യുന്നു.

''ഒരുവൻ പുരോഹിത സ്ഥാനം ആഗ്രഹിക്കുന്നുവെങ്കിൽ അവൻ നല്ല ജോലി ആഗ്രഹിക്കുന്നു.''

(പൗലോസ് ശ്ലീഹാ)

—0₀0—



www.malankaralibrary.com


# ഭൂമിയിലെ മാലാഖാ

സഭാനിയമ പ്രകാരം ഒരാളുടെ സാന്നിദ്ധ്യമെങ്കിലും ഉണ്ടാകണം വൈദികനു ദിവ്യബലി അർപ്പിക്കുവാൻ. സൂര്യോദയം മുതൽ സൂര്യാസ്തമനം വരെ ബലി തുടർച്ചയായി നടന്നു കൊണ്ടിരിക്കുന്നതുകൊണ്ടു അൾത്താര സഹായിയുടെ ജോലിയും അനുനിമിഷം തുടർന്നു കൊണ്ടിരിക്കുന്നു. ഇവിടെ അല്ലെങ്കിൽ മറെറാരിടത്തു് അയാൾ ജോലിയിലേർപ്പെട്ടിരിക്കുകയാണു്. ഈ സ്ഥാനലബ്ധിയിൽ അഭിമാനം കൊള്ളുന്നവരാണു് ഉന്നത വ്യക്തികൾ പോലും. മതപീഢനകാലത്തുപോലും ഇക്കൂട്ടരുടെ ധീരത നമ്മെ അത്ഭുതസ്തബ്ധരാക്കുന്നു. വി. കുർബാനയിൽ സാധാരണ വിശ്വാസികൾക്കു ലഭിക്കാത്ത പ്രത്യേകമായൊരു ഫലം ഇവർക്കു ലഭിക്കുന്നുണ്ടു്. മാലാഖമാരുടെ ജോലിയാണു് ഭൂമിയിൽ ഇവർ ചെയ്യുന്നതു്. ദിവ്യബലിയിൽ വൈദികനെ സഹായിക്കുന്ന അൾത്താര ബാലന്മാരാണു് ഈ ഭൂമിയിലെ മാലാഖമാർ.

അൾത്താര ശുശ്രൂഷയെപ്പററി, അതിൻെറ ശ്രേഷ്ഠതയെപ്പററി ഒരുപക്ഷെ ഇതുവരെയും നിങ്ങൾ ചിന്തിച്ചിരിക്കുകയില്ല. ആദ്യത്തെ അൾത്താര ബാലനായി വി, യോഹന്നാൻ ശ്ലീഹായെയാണു് നാം കാണുന്നതു്. കാൽവരിയിൽ ദിവ്യരക്ഷകൻ പ്രഥമ ദിവ്യബലി അർപ്പിച്ചപ്പോൾ അവിടെ സന്നിഹിതനായിരുന്നതു് അദ്ദേഹമായിരുന്നു. മഹാവിശുദ്ധനായ ജോൺ ബക്മാൻസ് പ്രഭാതമാകുന്നതിനു മുമ്പുതന്നെ എഴുന്നേററു് ദിവ്യബലിയിൽ സഹായിക്കുവാനായി പോയിരുന്നു. അൾത്താര ബാലന്മാരുടെ മദ്ധ്യസ്ഥനായി തിരുസഭ അദ്ദേഹത്തെ വണങ്ങുന്നു. അനേകം മാർപ്പാപ്പാമാരും മെത്രാന്മാരും വൈദികർ മുഴുവൻ തന്നെയും ഒരിക്കൽ അൾത്താര ബാലന്മാരായിരുന്നിട്ടുള്ളവരാണു്. ''തീയുടെ അടുക്കൽ ആയിരിക്കുകയും എന്നാൽ അതിൻെറ ചൂടേല്ക്കാതിരിക്കുകയും ചെയ്യുക വിഷമം.'' എന്നാണല്ലോ ആപ്തവാക്യം. കുറേ വർഷത്തേയ്ക്കു് ദിവസവും ദിവ്യബലിയിൽ സഹായിച്ചതാണു് തൻെറ പരിവർത്തനത്തിനു കാരണം എന്നു് ലൂസേ മെത്രാപ്പോലീത്താ പറയുന്നു. സുപ്രസിദ്ധനായ ഡാനിയൽ



www.malankaralibrary.com



Training for priesthood begins at the Altar. That is what Rev. Fr. Augustine O. I. C. cares in his parish



www.malankaralibrary.com

ലോഡ്ഡ്, അൾത്താര ബാലനായിരുന്നതു് തന്റെ ദൈവവിളി യെ എപ്രകാരം സഹായിച്ചെന്നു് വിശദമാക്കുന്നു. മെററിൽഡാ പുണ്യവതി ഒരു സംഭവം വിവരിക്കുന്നുണ്ടു്. മരണശേഷം ഒരു തുണ സഹോദരൻ മഹത്വപൂർണ്ണമായ ഒരു കിരീടം ധരിച്ചു കൊണ്ടു് ആ പുണ്യവതിക്കു കാണപ്പെട്ടു. എപ്പോഴും ഭക്തിപൂർവ്വം ദിവ്യബലി യിൽ സഹായിച്ചതായിരുന്നു കിരീട ലബ്ധിക്കു കാരണം. അൾ ത്താര ബാലനായിരിക്കുക പലപ്പോഴും ദൈവവിളിയുടേയും പുണ്യ ജീവിതത്തിൻേറയും ആരംഭമാണു്. അൾത്താര ശുശ്രൂഷകന്മാ രായിരുന്ന നല്ലൊരു ഗണം പുണ്യവാന്മാരുണ്ടു സ്വർഗ്ഗത്തിൽ.

വി. കുർബാനയോടു കൂടുതൽ അടുക്കാനും, ക്രിസ്തുവിനെ കൂടുത ലായി അറിയാനും, തൽഫലമായി മെച്ചമായ ക്രിസ്തീയ ജീവിതം നയിക്കാനും അൾത്താര ശുശ്രൂഷ സഹായിക്കാതിരിക്കുകയില്ല. ശരിയായ അരൂപിയിലാണു് അതു ചെയ്യുന്നതെങ്കിൽ ഈ പാവന കൃത്യം അനുഷ്ഠിക്കാൻ പഠിക്കുകയും കൂട്ടുകാരെ അതിനായി പ്രേരിപ്പി ക്കുകയും ചെയ്യുന്നതു് തീർച്ചയായും ഈശോയോടുള്ള സ്നേഹം പ്രദർ ശിപ്പിക്കാൻ നല്ലൊരു മാർഗ്ഗമാണു്. അല്പം ഔദാര്യവും ത്യാഗസന്ന ദ്ധതയും അതിനുണ്ടാകണമെന്നു മാത്രം.

തങ്ങളുടെ ഓമന മകനെ ദിവ്യബലിയിലെ കൊച്ചു മാലാഖ യായി കാണുമ്പോൾ ദൂരത്തു് നിൽക്കുന്ന മാതാപിതാക്കന്മാർ സന്തോ ഷിക്കുക സ്വാഭാവികമാണു്. മകൻ ഭദ്രമായ കരങ്ങളിലാണെന്നും, യാതൊരാപത്തും സംഭവിക്കുകയില്ലെന്നും അവർക്കറിയാം. ''ഈശോ തന്റെ തെരഞ്ഞെടുക്കപ്പെട്ടവരെ തന്നോടുകൂടി വസിപ്പിച്ചിരുന്നു'' എന്നു വേദപുസ്തകത്തിൽ നാം വായിക്കുന്നുണ്ടല്ലോ. ഈശോയുടെ സന്നിധിയിലാണവർ. ഇന്നു ബലിയിൽ ശുശ്രൂഷിക്കുന്ന ആ മക നെ ഒരിക്കൽ ബലിയർപ്പിക്കുന്ന വൈദികനായി കാണുവാൻ മാതാ പിതാക്കന്മാർ കൊതിക്കുന്നതു് സ്വാഭാവികമാണു്. അൾത്താര ബാലന്മാരധികവും സാധാരണയായി വൈദികരോ നല്ല കത്തോലി ക്കരോ ആയിത്തീരുന്നു എന്നതു് ഈ പ്രതീക്ഷയെ നീതീകരിക്കു കയുംചെയ്യുന്നു.

---



www.malankaralibrary.com

# മിഷൻ വാർത്തകൾ


തിരുവനന്തപുരത്തു് ബഥനി വൈദീകരുടെ പ്രവർത്തനരംഗമായി നാല്പതോളം ഇടവകകളും മിഷ്യൻസ്ഥലങ്ങളുമുണ്ടു്. തിരുവനന്തപുരം ആശ്രമത്തിലെ ബ. അച്ചന്മാരുടെ സംഘടിതമായ പ്രവർത്തനത്തിനു്, നെടുമങ്ങാടിനു ചുററുമായി ഇരുപത്തിയഞ്ചു മിഷൻസ്ഥലങ്ങൾ അഭിവന്ദ്യപിതാവു് ഏല്പിച്ചിരിക്കുകയാണു്. ഇവിടെ സഭയുടെ വളർച്ചയ്ക്കു് വളരെയധികം സാദ്ധ്യതകളുണ്ടു്. ധാരാളം അക്രൈസ്തവർ, പ്രത്യേകിച്ചു നാടാന്മാർ, പുലയർ, കുറവർ തുടങ്ങിയവർ ക്രൈസ്തവ വിശ്വാസം സ്വീകരിക്കുന്നുണ്ടു്. പുതുതായി തുടങ്ങിയിട്ടുള്ള എൻെറ ഒരു മിഷനിൽ ഇതിനകം അമ്പതോളം കുടുംബക്കാർ മാമോദീസാ സ്വീകരിച്ചു കഴിഞ്ഞു. അധികവും നാടാന്മാരാണു്. രണ്ടു മൂന്നു നായർ കുടുംബങ്ങൾ ക്രിസ്തുവിൻെറ ആദർശങ്ങളാൽ ആകൃഷ്ടരായിട്ടുണ്ടു്. കൂടാതെ എഴുപത്തഞ്ചുപേർ താമസിയാതെ മാമോദീസാ സ്വീകരിക്കുവാൻ തക്കവിധം ഒരുങ്ങിവരികയാണു്. ഹിന്ദുമതത്തിൻെറയും കമ്മ്യൂണിസത്തിൻേറയും നന്മയും തിന്മയുമെല്ലാം കണ്ടവരായതുകൊണ്ടു് അവർ വിശ്വാസത്തിൽ നിലനിന്നു പോകുമെന്നുതന്നെ പ്രതീക്ഷയുണ്ടു്. പക്ഷെ, ഭൂരിപക്ഷമാളുകളും സാമ്പത്തികപരാധീനതയുള്ളവരാണു്. എങ്കിലും അവക്കു് നന്മനസ്സു് ധാരാളമുണ്ടു്. ഫ്രാൻസീസ്കൻ സഹോദരന്മാരും ബഥനി സഹോദരികളും ഇവിടെയെല്ലാം നന്നായി അദ്ധ്വാനിക്കുന്നുണ്ടു്. അവരുടെ ബുദ്ധിമുട്ടുകൊണ്ടും പ്രാർത്ഥനയുടെ ശക്തികൊണ്ടുമാണു് ഈ സ്ഥലങ്ങളിൽ പുതിയ മിഷൻ തുറക്കാൻ ഇടയായതു്. പൊതുവെ പറഞ്ഞാൽ മുൻ കാലങ്ങളിലേക്കാൾ കൂടുതൽ താല്പര്യം ഹൈന്ദവപ്രോട്ടസ്റ്റൻറു നാടാന്മാർ കാണിക്കുന്നുണ്ടു്, മാനസാന്തരത്തിൽ. നല്ല കാര്യങ്ങൾ ചെയ്യാനാഗ്രഹമുണ്ടു്, സാദ്ധ്യതകളുമുണ്ടു്. പക്ഷെ, ആളില്ല, അർത്ഥവുമില്ല!

(ഒരു ബഥനി മിഷനറിയുടെ കത്തിൽനിന്നും)

---



www.malankaralibrary.com



His Excellency Mar Athanasius visits a Bethany Mission in North Malabar



www.malankaralibrary.com

# ബഥനി ആശ്രമം

## താബോർ ഗിരി, കുമ്പഴ, പത്തനംതിട്ട

1964 ആഗസ്ററ് അഞ്ചാം തീയതി ബുധനാഴ്ച സായാഹ്നത്തിൽ, തിരുവനന്തപുരം ആർച്ചുബിഷപ്പ് നി. വ. ദി. മ. ശ്രീ. ബനഡിക്ട് മാർ ഗ്രിഗോറിയോസ് ഒ. ഐ. സി. എം. എ. ഡി. ഡി. തിരുമനസ്സുകൊണ്ട് കുമ്പഴയും സമീപസ്ഥലങ്ങളിലുമുള്ള പള്ളികളിലെ ബ. വൈദികരുടെയും അനേകം വിശ്വാസികളുടേയും സാന്നിദ്ധ്യസഹകരണത്തോടുകൂടി കുമ്പഴ ബഥനി ആശ്രമത്തിൻെറ ആശീർവ്വാദവും ഉൽഘാടനവും നിർവഹിച്ചു. നമ്മുടെ കർത്താവിൻെറ രൂപാന്തരപെരുനാളായ പിറേറദിവസം പ്രഭാതത്തിൽ സമൂഹത്തിൻെറ മുൻസുപ്പീരിയർ ജനറൽ വെ. റവ. ഫാദർ ജോഷ്വാ ഒ. ഐ. സി. ആശ്രമചാപ്പലിൽ ദിവ്യബലി അർപ്പിക്കുകയും ചെയ്തു. അന്നു മുതൽ ഈ ആശ്രമക്കുന്ന് ''താബോർ ഗിരി'' എന്നു വിളിക്കപ്പെടുന്നു.

ചരിത്രപ്രസിദ്ധമായ അച്ചൻകോവിലാറ് ഈ കുന്നിൻെറ അടിഭാഗത്തുകൂടെ ചുററിഒഴുകുന്നു. കയങ്ങളുള്ള ഈ ഭാഗം ''ഭൂതക്കുഴി'' എന്നാണറിയപ്പെട്ടിരുന്നത്. പുരാതനമായ വലഞ്ചുഴി ക്ഷേത്രം ഒരു ദ്വീപിലെന്നപോലെ ആറിൻെറ മദ്ധ്യത്തിൽ സ്ഥിതിചെയ്യുന്നു. പത്തനംതിട്ട—പുനലൂർറോഡ്, അച്ചൻകോവിലാറു തരണം ചെയ്യുന്നതിനു് ആധുനികരീതിയിൽ പണിതിട്ടുള്ള മനോഹരമായ കുമ്പഴപാലത്തിനരികെ നിന്നു് വലഞ്ചുഴി അമ്പലത്തിലേക്കുള്ള വഴി, കുന്നു വെട്ടിപ്പിളന്നു പോകുന്നു. പാലത്തിനരികെ നിന്നുള്ള ഈ വഴിയിൽ കൂടെ ഒരു ഫർലോംഗ് നടന്നാൽ ആശ്രമത്തിൽ എത്താം. ആ താബോർ ഗിരി മുകളിൽ കയറി, നാലുഭാഗത്തേക്കും നോക്കുമ്പോൾ വേർപെട്ടുപോയ സഹോദരങ്ങളുടേയും ക്രൈസ്തവേതരരായ സഹോദരങ്ങളുടെയും നൂറു നൂറു വസതികളായിരിക്കും കേരവൃക്ഷങ്ങൾക്കിടയിൽ കൂടി കാണപ്പെടുന്നത്. അവരെല്ലാംഇപ്പോൾ തിരിച്ചുവരവിനും രക്ഷയ്ക്കുമുള്ള വഴിതിരയുന്നവരാണ്. അവക്കു വഴികാണിച്ചുകൊടുക്കുവാൻ ആളുകൾ ഉണ്ടാകണം. ''കതിരുകൾ'' കൗതുകപൂർവ്വം വായിക്കുന്ന കുഞ്ഞുസഹോദരനെ അതിനായി ദൈവം വിളിക്കുന്നുണ്ടാ



www.malankaralibrary.com

# വേർപാടിൻെറ വേദന *

''വേർപാടിൻെറ ഹൃദയം നിറഞ്ഞ വേദനയോടു, അല്പം താമസിച്ചെങ്കിലും ഞാനീ കത്തെഴുതുകയാണു്. കുഞ്ഞമ്മയും ബോസ് മോനും കൂടി അങ്ങയെ യാത്രയാക്കാൻ വരുന്നു എന്നു പറഞ്ഞു് ബഹളംകൂട്ടി. ഞങ്ങരം എല്ലാവരും ഒരുങ്ങി, 8—45—നു് ചിറാം— കുന്നിൽ വന്നു. എന്നാൽ അപ്പോഴേക്കും അങ്ങു പൊയ്ക്കഴിഞ്ഞിരുന്നു. വളരെ ഹൃദയ വ്യഥയോടും നിരാശാബോധത്തോടും ഞങ്ങരം മടങ്ങിപ്പോയി. വയനാട്ടിലെ എൻെറ ഏററവും വലിയ കാലക്കേടുപോലെ ആ വേർപാടു് പാഞ്ഞെത്തി. പലതും ആഗ്രഹിച്ചു. കുറഞ്ഞതു് ഞങ്ങളുടെ കുടുംബത്തോടൊത്തൊരു ഫോട്ടോയെങ്കിലും—ഞാൻ ശ്രമിച്ചുനോക്കി. എങ്കിലും അതിനുള്ള ഭാഗ്യം ഞങ്ങളുടെ ഈ കൊച്ചു കുടുംബത്തിനു് ഇല്ലാതെപോയി.

ബഹുമാന്യനായ പിതാവേ! ഇന്നും അങ്ങയെപ്പററി ഓർക്കുമ്പോരം ഞങ്ങരം വേദനിക്കുകയാണു്. ഞങ്ങരംക്കാരും ഇല്ലാത്ത ഈ വയനാട്ടിൽ അങ്ങു് ഞങ്ങരംക്കു് എല്ലാമായിരുന്നു. അങ്ങെ കാണുമ്പോഴും അങ്ങുമായി സംസാരിക്കുമ്പോഴും ഞങ്ങളുടെ പ്രശ്നങ്ങരം സാരമില്ലാത്തവയായി തോന്നിപ്പോകുമായിരുന്നു. അടുക്കുന്തോറും ആദരവു വദ്ധിപ്പിക്കുന്ന അവിടുത്തെ വിശുദ്ധമായ വ്യക്തിത്വം ഞങ്ങരം എന്നെന്നും ഭക്തിയോടെ ഓക്കും........''

---

*മലബാർ മിഷനിൽ നിന്നു് സ്ഥലം മാറിപ്പോയ ഒരു ബഥനി മിഷനറിക്കു ലഭിച്ച കത്തിൽ നിന്നു്.

---

യിരിക്കും. പ്രാർത്ഥനാപൂർവ്വം ചിന്തിക്കേണ്ട വിഷയമാണിതു്. പത്തനംതിട്ട താലൂക്കിലുള്ള കുഞ്ഞനുജന്മാർക്കു് നിഷ്പ്രയാസം ആശ്രമം സന്ദർശിക്കാവുന്നതാണു്. ദൈവവിളി സംബന്ധിച്ചുള്ള പ്രസിദ്ധീകരണങ്ങളും സംശയനിവാരണങ്ങളും പ്രോത്സാഹനങ്ങളും ബ. വൈദികരിൽ നിന്നു് ലഭിക്കുന്നതായിരിക്കും. കുഞ്ഞനുജന്മാർക്കു സ്വാഗതം!

ഫാ. പക്കോമിയസ്സു്. ഒ. ഐ. സി.

---



www.malankaralibrary.com

# റോമിൽനിന്നൊരു കത്ത്

''........റോമൻ മണ്ണിൽ കാലുകുത്തിയപ്പോഠം എന്നിലുണ്ടായ വികാരങ്ങഠം എന്തൊക്കെയെന്നു് വിശദീകരിക്കുക അസാദ്ധ്യം: അതിപുരാതനമായ റോമാപുരി തിരുസ്സഭയുടെ കേന്ദ്രം, കർത്താവീശോമിശിഹായുടെ വികാരിയും ദൃശ്യസഭയുടെ തലവനുമായ പരിശുദ്ധപിതാവിൻെറ ആസ്ഥാനം, അനേക വിശുദ്ധരുടെ രക്തത്താൽ പാവനമാക്കപ്പെട്ട നിത്യനഗരം. ഈ വി. നഗരത്തിൽ വന്നു താമസിക്കുവാനും പഠിക്കുവാനും എനിക്കു് അനുഗ്രഹം തന്ന ദൈവത്തെ സ്തുതിക്കുന്നതോടൊപ്പം ഈ അവസരം എൻെറ മാതാവായ ബഥനി സന്യാസസമൂഹത്തെ കൃതജ്ഞതാപൂർവ്വം ഞാൻ അനുസ്മരിക്കുകയും ചെയ്യുന്നു.

നമ്മുടെ ആശ്രമത്തിൽനിന്നും നാലു വൈദികരാണല്ലോ ഇവിടെ പഠിക്കുന്നതു്. ബ. സിറിലച്ചൻ പ്രശസ്തമായ രീതിയിൽ **D. C. L.** ബിരുദം നേടി. അദ്ദേഹം താമസിയാതെ നാട്ടിലേക്കു തിരിക്കുന്നതാണു്. ബ. അത്തനേഷ്യസച്ചൻ ഗ്രിഗോറിയൻ സർവ്വകലാശാലയിലാണു പഠിക്കുന്നതു്. ദൈവവിജ്ഞാനീയത്തിൽ ആദ്ധ്യാത്മിക ശാഖയാണു് അദ്ദേഹം എടുത്തിരിക്കുന്നതു്. ഇപ്പോഠം ഒരു വർഷത്തെ പഠനം കഴിഞ്ഞിരിക്കുന്നു. ബ. ബക്കുമാൻസച്ചൻ വേദപുസ്തകം സംബന്ധിച്ചു് പഠനം നടത്തുന്നു. 'ബിബ്ളിക്കും' സർവ്വകലാശാലയിൽ. ഞാൻ 'ലാററൻ' സർവ്വകലാശാലയിലാണു്. വിഷയം, ആത്മപാലനപരമായ ദൈവശാസ്ത്രം. വളരെയധികം രക്തസാക്ഷികളുടെ പാവനരക്തം ഒഴുക്കപ്പെട്ട ടൈബർ നദീതീരത്തുകൂടെ യാത്രചെയ്തു് ആദിമക്രിസ്ത്യാനികളെ പീഡിപ്പിച്ചിരുന്ന സ്ഥലമായ 'കൊളോസിയത്തെ' ചുററി, ലാററൻ ബസ്സിലിക്കായുടെ മുൻവശത്തുകൂടെ കടന്നാണു് ഞാൻ ദിവസവും ക്ലാസ്സിൽ പോകുന്നതു്. തിരുസ്സഭയുടെ ചരിത്രത്തിലേക്കു ചിന്ത തിരിക്കുന്ന അവസരങ്ങഠം!

ഞങ്ങളുടെ പഠനമെല്ലാം ഭംഗിയായി നടക്കുന്നു. ''തിരുസ്സഭയുടെ വ്യാപ്തിക്കുവേണ്ടി ജോലിചെയ്യുവാൻ വിശുദ്ധരും ജ്ഞാനികളുമായ വൈദികരെ ഭാരതസഭയ്ക്കു് ആവശ്യമുണ്ടു്'' എന്നു് ബ. സിറിലച്ചനെ അഭിനന്ദിച്ചുകൊണ്ടു് അഭിവന്ദ്യ മാർ ഗ്രീഗോറിയസ് തിരുമേനി ചെയ്ത പ്രസംഗത്തിലെ ഭാഗം നമ്മുടെയെല്ലാം കൺമുമ്പിൽ എപ്പോഴും ഉണ്ടായിരിക്കട്ടെ!''—

ഫാദർ. ഇഗ്നേഷ്യസ്, ഒ. ഐ. സി.

''പുണ്യവാന്മാർ വിദ്യാഭ്യാസം ചെയ്യുന്നതു് മഹാന്മാരെന്നു് ഗണിക്കപ്പെടുവാനല്ല, പൂർണ്ണത പ്രാപിക്കുവാനാണു്.''

—വി. ബർണ്ണാർഡ്—



www.malankaralibrary.com



His Eminence Eugene Card. Tisserant receives in audience His Grace Benedict Mar Gregorios O. I. C. accompanied by the Bethany Fathers studying in Rome



www.malankaralibrary.com



Rev. Fr. Athanasius O. I. C. presents candle to His Holiness



www.malankaralibrary.com

# ബഥനിവാർത്തകൾ

## സന്യാസവ്രതരജതജൂബിലി

തിരുവനന്തപുരം ആർച്ചുബിഷപ്പ് നി. വ. ദി. മ. ശ്രീ. ബനഡിക്ട് മാർഗ്രിഗോറിയോസ് തിരുമേനിയുടെ സന്യാസ നിത്യ വ്രതാനുഷ്ഠാന രജതജൂബിലി ബഥനി സന്യാസിനീസന്യാസ സമൂഹങ്ങളുടെ ആഭിമുഖ്യത്തിൽ കഴിഞ്ഞ ഫെബ്രുവരി 7–ാനു സായാഹ്നത്തിൽ നാലാംചിറ സെൻറ് ഗൊരേററി ഹൈസ്കൂൾ ഹാളിൽവച്ച് സമുചിതമായി ആഘോഷിക്കപ്പെട്ടു. ഇതിനായ് ചേൻ പൊതുയോഗത്തിൽ പാലാ ബിഷപ്പ് നി. വ. ദി. ശ്രീ. മ. സെബാസ്റ്റ്യൻ വയലിൽ തിരുമനസ്സുകൊണ്ടു് ആദ്ധ്യക്ഷം വഹിച്ചു. റവ. ഫാ. എം. സി. ജോസഫ് S. J.യും, ശ്രീ. വി. ജി. സിറിയക്കു് I. A. S–ം രണ്ടാം വത്തിക്കാൻ സൂന്നഹദോസ് നിശ്ചയങ്ങളുടെ ആശയങ്ങളെ അവതരിപ്പിച്ചും, ജൂബിലേറിയനെ അനുമോദിച്ചും പ്രസംഗങ്ങളെ ചെയ്തു. അദ്ധ്യക്ഷൻ തിരുമേനി സൂന്നഹദോസിൻെറ അരൂപിയിലുള്ള തിരുസഭാനവീകരണം, വിശേഷിച്ച് ക്രൈസ്തവൈക്യപ്രസ്ഥാനം, ഇവയിൽ ബഥനി സമൂഹങ്ങളുടെ പങ്ക്, എന്നിവയെ ആസ്പദമാക്കിയും ജൂബിലേറിയൻെറ അപദാനങ്ങളെ പ്രകീർത്തിച്ചും പ്രസംഗിച്ചു. സുപ്പീരിയർ ജനറൽ വെ. റവ. ഫാ. ജേക്കബ്ബ്, O. I. C. സ്വാഗതമാശംസിക്കുകയും, റവ. സിസ്റ്റർ, റഹമാസു് S. I. C. കൃതജ്ഞത പ്രകാശിപ്പിക്കുകയും ചെയ്തു. യോഗത്തിനിടയ്ക്കും യോഗത്തിനു ശേഷവും വിവിധ കലാപരിപാടികളുണ്ടായിരുന്നു. യോഗാനന്തരം ജൂബിലേറിയൻ വി. കുർബാനയുടെ ആശീർവാദവും നടത്തി.

## സുപ്പീര്യർ ജനറൽ

കഴിഞ്ഞ മൂന്നുവർഷമായി പൂനാ ആശ്രമത്തിൻെറ സുപ്പീര്യറായി സേവനമനുഷ്ഠിച്ച എത്രയും ബ. ജേക്കബച്ചൻ സമൂഹത്തിൻെറ പുതിയ സുപ്പീര്യർ ജനറലായി തെരെഞ്ഞെടുക്കപ്പെട്ടിരിക്കുന്നു.



www.malankaralibrary.com

കൌൺസിലേഴ്സ് ജനറൽ:

വെരി. റവ. ഫാദർ. ഗബ്രിയേൽ, ഒ. ഐ. സി.
,, ,, ,, ഏബ്രഹാം ,, ,, ,,
,, ,, ,, ജോഷ്വാ ,, ,, ,,
,, ,, ,, സിറിൽ ,, ,, ,,

ഗീസബ്രോ ജനറൽ: വെരി റവ. ഫാദർ. പോൾ, ഒ. ഐ. സി.
സെക്രട്ടറി ജനറൽ: ,, ,, ,, ഫ്രാൻസിസ് സാലസ് ഒ. ഐ. സി.

പുതിയ ഭാരവാഹികൾക്ക് ഞങ്ങളുടെ പ്രാർത്ഥനയോടുകൂടിയ മംഗളാശംസകൾ!

## പൌരോഹിത്യസ്വീകരണം

റവ. ജോൺ ബോസ്കോ ഒ. ഐ. സി. വൈദികപദവിയിലേയ്ക്കു് ഉയർത്തപ്പെട്ടിരിക്കുന്നു. അദ്ദേഹത്തിനു ഞങ്ങളുടെ ഭാവുകങ്ങളും പ്രാർത്ഥനയും.

## ഉപരിപഠനാർത്ഥം അമേരിക്കയിൽ

പൂനാ പേപ്പൽ സെമിനാരിയിൽ പ്രശസ്തമായി പഠനം പൂർത്തിയാക്കിയ റവ. ഫാദർ ബൊനവഞ്ചർ, ഒ. ഐ. സി. ഉപരിപഠനത്തിനായി (English literature) അമേരിക്കയിലേക്കു് അയയ്ക്കപ്പെട്ടിരിക്കുന്നു. ചിക്കാഗോയിലെ ഡി പോൾ യൂണിവേഴ്സിററിയിൽ അദ്ദേഹം പഠിക്കുന്നു.

റവ. ഫാദർ ആൽബർട്ടു് ഒ. ഐ. സി. രസതന്ത്രസംബന്ധമായ (Chemistry) ഉപരിപഠനാർത്ഥം ചിക്കാഗോയിലെ ലയോള യൂണിവേഴ്സിററിയിലേക്കു ഉടനെ പോകുന്നതാണു്.

—ooo—


www.malankaralibrary.com

# ചിന്തയുടെ ചിറകുകൾ

അയച്ചിരുന്ന ''കതിരുകൾ'' എന്ന ചെറുപുസ്തകം കരഗതമായി. അതിയായി സന്തോഷിക്കുന്നു. അതു വായിച്ചുകഴിഞ്ഞപ്പോൾ എന്തെന്നില്ലാത്ത സന്തോഷത്തിന്റെ അലകൾ മനസ്സിൽക്കൂടി കടന്നുപോയി.

ഇപ്പോൾ നാലു കുഞ്ഞുങ്ങളെയാണ് ദൈവം എനിക്കു ദാനമായി തന്നിരിക്കുന്നത്. ഒരാളിനെയെങ്കിലും ദൈവം വൈദികാന്തസ്സിലേക്കു വിളിക്കട്ടെ എന്ന് മനമുരുകി പ്രാർത്ഥിക്കുന്നു.

''കതിരുകൾ'' വായിച്ചതിനുശേഷം എനിക്ക് ആശ്രമത്തോട് കൂടുതൽ വിശ്വാസവും ബഹുമാനവും ഉണ്ട്.

(ഒരു പിതാവിന്റെ കത്തിൽനിന്ന്)

---

# സെമിനാരി

ദൈവവിളികളെ വളർത്തി പരിപോഷിപ്പിക്കുന്ന സ്ഥാപനമാണ് സെമിനാരി. ലത്തീനിൽനിന്നെടുത്തിട്ടുള്ള ഈ വാക്കിന്റെ നിഷ്കൃഷ്ടാർത്ഥം വിത്തു പാകി വളർത്തിയെടുക്കുന്ന സ്ഥലമെന്നാണ്. വൈദികാർത്ഥികൾ പ്രാർത്ഥനയിലും പഠനത്തിലും മററഭ്യസനങ്ങളിലുംകൂടി വ്യക്തിത്വവും പക്വതയും നേടുന്ന ശിക്ഷണകേന്ദ്രമാണ് സെമിനാരി.

---



www.malankaralibrary.com

# ദൈവവിളിക്കായുള്ള പ്രാർത്ഥന

സ്നേഹസ്വരൂപനായ ദൈവമേ, ഏററം പരിശുദ്ധവും അതിശ്രേഷ്ഠവുമായ ലക്ഷ്യത്തിനുവേണ്ടി നീ എന്നെ സൃഷ്ടിച്ചുവല്ലോ, ആ ദിവ്യ ഉദ്ദേശങ്ങൾക്കനുസരണമായി എൻെറ ബുദ്ധിയെ പ്രകാശിപ്പിക്കുകയും മനസ്സിനേയും ഹൃദയത്തേയും ഭരിച്ചു നയിക്കുകയും ചെയ്യണമെ. നീ എനിക്കു കാണിച്ചുതരുന്ന ദിവ്യവിളിയെ പിൻചെല്ലുവാനും ഉന്നതമായ ആദർശത്താൽ പ്രചോദിതനാകുവാനും എന്നെ സഹായിക്കണമേ.

എൻെറ പ്രിയനാഥനായ ഈശോയേ, ആത്മാക്കൾക്കായി ജോലിചെയ്യുവാൻ അനേകരെ നീ വിളിക്കുന്നുവല്ലോ. ഒരു വൈദികനാകുന്നതിനും അങ്ങയുടെ മുന്തിരിത്തോപ്പിൽ വേല ചെയ്യുന്നതിനുമായി എന്നെയും വിളിക്കണമേ. പരിശുദ്ധമാതാവേ, വി. യൗസേപ്പേ, എൻെറ കാവൽ മാലാഖായേ, എന്നെ സഹായിക്കേണമേ. ആമ്മീൻ.

''ദിവ്യനാഥാ, പുണ്യമുള്ള വൈദികരേയും തീക്ഷ്ണതയുള്ള സന്യാസികളേയും അങ്ങേ തിരുസ്സഭക്കു പ്രദാനംചെയ്യേണമേ''

(300 ദി. ദ. വി.)

''ദൈവത്തോടു് അടുക്കുക,
ദൈവം നിന്നോടും അടുക്കും'' വി. യാക്കോബു് 4:8)

Sponsored by the Bethany Scholastics,
Bethany Asram, Poona, 14 INDIA.

Cum Permissu Superiorum.

www.malankaralibrary.com